# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

Vol 43 No. 6
Annual Subscription ₹100

വാല്യം 43 ലക്കം 6
വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്
സെപ്റ്റംബർ 2025

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



ഭൂമിയിലും സ്വർഗത്തിലും
മഹത്ത്വീകൃതയായ പരിശുദ്ധ കന്യകാമറിയമേ,
പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാൽ നിറയപ്പെട്ട്,
വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്ന ജീവിതം നയിച്ച്,
അങ്ങേ പുത്രന്റെ മഹത്ത്വപൂർണമായ ആഗമനം
കാത്തിരിക്കുവാനുള്ള അനുഗ്രഹം
ഞങ്ങൾക്കായി അങ്ങു വാങ്ങിത്തരണമേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 6**

**വാല്യം 43 ലക്കം 6 ഏലിയാ-സ്ലീവാ-മൂശക്കാലം സെപ്റ്റംബർ 2025**


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാണ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സ്വർഗം നമ്മുടെ പ്രത്യാശ 5
- സിമിത്തേരിയിലോ നിക്ഷേപം 7
- പ്രധാനപ്പെട്ട കാര്യം 10
- മരണം കള്ളനെപ്പോലെ 12
- പിതാവിൽനിന്നും പുറപ്പെടുന്ന റൂഹാ 14
- സെനക്കിൾ തരംഗം 17
- സ്വർഗോന്മുഖരായ് മുന്നേറാം 18
- പരിശുദ്ധ മറിയത്തോട് 20
- ആഹാസ് 21
- സ്നേഹം: അതുല്യം പരമോന്നതം 24
- ആകാശക്കാഴ്ചകൾ 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# സ്വർഗം നല്കുന്ന നേട്ടങ്ങൾ

"**ഞാ**ൻ അവനോടു ക്ഷമിക്കുന്നു. കുരിശിൽ കിടന്നുകൊണ്ട്, പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ എന്ന് നമ്മുടെ കർത്താവായ ഈശോമിശിഹാ പറഞ്ഞതുപോലെ ആ യുവാവായ മനുഷ്യനോട് ഞാനും ക്ഷമിക്കുന്നു. ... വെറുപ്പിനുള്ള ഉത്തരം വെറുപ്പല്ല". അക്രമിയുടെ വെടിയേറ്റു മരിച്ച അമേരിക്കൻ ഇൻഫ്ളുവൻസറും ആക്ടിവിസ്റ്റുമായിരുന്ന ചാർലി കിർക്കിന്റെ ഭാര്യയുടെ ഈ വാക്കുകൾ 1999 ൽ ഒറീസയിൽ മതഭ്രാന്തന്മാർ രണ്ടു മക്കളോടൊപ്പം ജീവനോടെ ചുട്ടെരിച്ച ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസിന്റെ ഭാര്യ ഗ്ലാഡിസ് സ്റ്റെയിൻസിന്റെ വാക്കുകളുടെ ഒരോർമ്മപ്പെടുത്തലായിരുന്നു.

ജീവന്റെ പാതി നഷ്ടപ്പെടുമ്പോഴും ദൈവത്തിലുള്ള അവരുടെ വിശ്വാസവും പ്രത്യാശയും നഷ്ടപ്പെട്ടിരുന്നില്ല. സ്വർഗീയ മഹത്ത്വപ്രഭയിലാണല്ലോ ഭൂമിയിലെ നഷ്ടങ്ങളെല്ലാം മാഞ്ഞുപോകുന്നത്. മരണം എന്നത് പൂർണമായ, എന്നേക്കുമായ ഒരു വേർപാടല്ല. ജീവിച്ചിരിക്കുന്നവരെല്ലാം കടന്നുപോകേണ്ടതും നിത്യജീവിതത്തിലേക്കുള്ള ഒരു കവാടവുമാണ് മരണം എന്ന ബോധ്യമുണ്ടാകുമ്പോൾ അവിടെ ഭയത്തിനും ദുഃഖത്തിനും സ്ഥാനമുണ്ടാകില്ല.

ലോകത്തിലുണ്ടാകുന്ന നഷ്ടങ്ങൾക്കുപരി സ്വർഗീയനേട്ടങ്ങളിൽ ദൃഷ്ടിയുറപ്പിക്കാൻ തക്ക ആഴമേറിയ വിശ്വാസവും പ്രത്യാശയുമാണ് നമുക്കെല്ലാം ആവശ്യമായുള്ളത്. ഇത് ഏലിയാ-സ്ലീവാ-മൂശക്കാലം. കർത്താവായ ഈശോമിശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയും സ്വർഗവും നരകവുമൊക്കെ ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ സ്വർഗീയഗേഹം ലക്ഷ്യമാക്കി ജീവിക്കണമെന്ന് സഭാമാതാവ് നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്.

ഈലോകജീവിതത്തെ ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്താൽ പൂരിതമാക്കാൻ വരുംലോകത്തെക്കുറിച്ചുള്ള പ്രത്യാശ നമ്മെ സഹായിക്കട്ടെ.

ചീഫ് എഡിറ്റർ



സെനക്കിൾ ആദ്ധ്യാത്മികത-103

# സ്വർഗം നമ്മുടെ പ്രത്യാശ

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**ഈ**ശോമിശിഹായുടെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയാ-സ്ലീവാ-മൂശ ക്കാലത്തിലെ വിചിന്തന വിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽവച്ച് രൂപാന്തരീ കരിക്കപ്പെട്ട ഈശോയുടെ ഇരുവശങ്ങളിലായി മൂശെയും ഏലിയായും കാണപ്പെട്ടതുപോലെ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മൂശയുടെയും രണ്ടു കാലങ്ങൾ നിലകൊള്ളുന്നതു ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദാന നാട്ടിലെ ത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മൂശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്ക ന്മാരുടെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയാ. യുഗാന്തത്തിൽ മിശിഹായുടെ വരവിനു മുമ്പ് ഏലിയാ വീണ്ടും പ്രത്യക്ഷപ്പെടുമെന്നും, വിനാശത്തിന്റെ പുത്രന് അവന്റെ തെറ്റു ബോധ്യപ്പെടുത്തി കൊടുക്കുമെന്നും ഇസ്രായേൽ ജന തയും ആദിമസഭയും വിശ്വസിച്ചിരുന്നു (മലാ 4,5-6; മത്താ 16,14).

**സ്വർഗം: ദൈവത്തിന്റെ വാസസ്ഥലം**

ദൈവം പണിതുയർത്തിയ ഭവനമാണ് സ്വർഗമെന്ന് സങ്കീർത്തകൻ പറയുന്നു: "കൂടാര മെന്ന പോലെ അവിടുന്ന് ആകാശത്തെ വിരിച്ചിരിക്കുന്നു. അങ്ങയുടെ മന്ദിരത്തിന്റെ തുലാ ങ്ങൾ ജലത്തിന്റെമേൽ സ്ഥാപിച്ചിരിക്കുന്നു (സങ്കീ 104,2 മുതൽ). സ്വർഗത്തിലാണ് ദൈവത്തിന്റെ സിംഹാസനം. അവിടെ തന്റെ സഭാവാസികളായ സ്വർഗീയസൈന്യങ്ങളെ ഇടത്തും വലത്തു മായി വിളിച്ചുകൂട്ടിയിരിക്കുന്നു (ഏശ 6,1 മുതൽ; ജോബ് 1,6-12). ദൈവം സ്വർഗത്തിന്റെ അധി കാരിയാണ് (ദാനി 2,37). തന്റെ സ്വർഗീയ മഹത്ത്വത്തിലിരുന്ന് അവിടുന്നു നീതിപൂർവം ഭരി ക്കുന്നു (സങ്കീ 113,4). അവിടുന്ന് ഉന്നതങ്ങളിലിരുന്ന് എല്ലാ മനുഷ്യരുടെയും പ്രാർത്ഥനകൾ സ്വീകരിക്കുന്നു (1 രാജാ 8,30). സ്വർഗത്തിലാണ് ദൈവത്തിന്റെ നിഗൂഢതയും അവിടുത്തെ പ്രവൃത്തികളും ബൈബിൾ കണ്ടെത്തുന്നത്. ദൈവത്തിന്റെ അധികാരം നേരിട്ടു പ്രയോഗി ക്കുന്ന, അവിടുത്തെ സാമ്രാജ്യമായി സ്വർഗം നിലകൊള്ളുന്നു.

**സ്വർഗം: രക്ഷാദായകം**

ഇസ്രായേൽ ജനതയുടെ കർത്താവ് അവരെ രക്ഷിക്കുന്ന ദൈവമാണ്. അവിടുന്നു സ്വർഗ ത്തിലിരുന്ന് തന്റെ രക്ഷാപദ്ധതി നടപ്പിലാക്കുന്നു. മനുഷ്യർക്ക് അപ്രാപ്യനാണെങ്കിലും ഇസ്രാ യേൽ ജനതയുടെ വിളി കേൾക്കുമ്പോൾ അവിടുന്ന് ഇറങ്ങി വരുന്നു. തന്മൂലം ഇസ്രായേൽ ജനത ആകാശത്തെ അവിടുത്തെ പരമാധികാരത്തെയും ശക്തിയെയും പ്രതിനിധാനം ചെയ്യുന്ന രക്ഷയുടെ അടയാളമായി കണ്ടിരുന്നു. ദൈവത്തിന്റെ ഔദാര്യപൂർവകമായ അനുഗ്രഹം സ്വർഗ ത്തിൽനിന്നു പുറപ്പെടുന്നുവെന്നു വിശ്വസിച്ചുകൊണ്ട് അവർ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു: "കർത്താവേ, ആകാശം പിളർന്ന് ഇറങ്ങി വരണമേ" (ഏശ 64,1). ഹെനോക്കിനെ ദൈവം എടു ത്തതും (ഉൽപ 5,24) ഏലിയായുടെ സ്വർഗത്തിലേക്കുള്ള പ്രവേശനവും (2 രാജാ 2,11) മനു ഷ്യരെ ഈ ദൈവൈക്യത്തിലേക്കു വിളിക്കുന്നു, പ്രചോദിപ്പിക്കുന്നു. പുതിയനിയമത്തിന്റെ തുട ക്കത്തിൽ ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലിനെ നമുക്കു കാണാൻ സാധി ക്കുന്നു (ലൂക്കാ 1,19). മിശിഹായുടെ ജനനത്തിൽ സ്വർഗീയ വ്യൂഹം, സ്വർഗത്തിൽ വസിക്കുന്ന അത്യുന്നതനു സ്തുതിഗീതം പാടുന്നു (ലൂക്കാ 2,11-15).

**ഈശോയിലൂടെ ഭൂമിയിൽ സ്ഥാപിതമാകുന്ന സ്വർഗം**

സുവിശേഷങ്ങളുടെ പ്രധാന സന്ദേശം ദൈവരാജ്യത്തിന്റെ അഥവാ സ്വർഗരാജ്യത്തിന്റെ സമാഗമമാണ്. സ്വർഗരാജ്യം സ്ഥാപിക്കാൻ വന്നവനായി ഈശോ സ്വയം പ്രഖ്യാപിക്കുന്നു: "അപ്പോൾ മുതൽ ഈശോ പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17). മനുഷ്യരുടെയിടയിൽ ആഗമനം ചെയ്ത ദൈവരാ ജ്യത്തെയാണ് അവിടുന്നു പ്രഘോഷിച്ചത്. മനുഷ്യാവതാരത്തിലൂടെ ഈശോ സ്വർഗത്തിൽനിന്ന് ഇറങ്ങി വരുന്നതായിട്ടാണ് യോഹന്നാൻശ്ലീഹാ വ്യക്തമാക്കുന്നത്: "സ്വർഗത്തിൽ നിന്നിറങ്ങി വന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല" (യോഹ 3,13). തന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ് താൻ സ്വർഗത്തിൽനിന്നും ഇറങ്ങി വന്നിരിക്കുന്ന തെന്ന് ഈശോ പറയുന്നു (യോഹ 6,38). മിശിഹായുടെ മാമോദീസായുടെ സമയത്തുള്ള 'സ്വർഗം തുറക്കൽ' ദൈവമനുഷ്യബന്ധത്തിന്റെ വീണ്ടെടുക്കലായിരുന്നു; ദൈവം തന്റെ പുത്രനു നല്കിയ അംഗീകാരമായിരുന്നു (മത്താ 3,16-17).

**സ്വർഗരാജ്യവും പ്രത്യാശയും**

പുതിയനിയമത്തിൽ, മിശിഹായുടെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട പുതിയ ജറുസലേ മാണ് സ്വർഗരാജ്യം (വെളി 3,12). ഈ ലോകത്തിൽ തീർത്ഥാടകനായ ക്രൈസ്തവൻ സ്വർഗരാ ജ്യത്തിന്റെ പൗരനാണ്: "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്; അവിടെനിന്ന് ഒരു രക്ഷകനെ, കർത്താവായ ഈശോമിശിഹായെ നാം കാത്തിരിക്കുന്നു" (ഫിലി 3,20). മിശിഹായിൽ വിശ്വ സിക്കുന്നവർക്കായി കാത്തുസൂക്ഷിക്കപ്പെട്ടിരിക്കുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്ത തുമായ അവകാശവും (1 പത്രോ 1,4) സമ്മാനവും (മത്താ 5,12) നിധിയുമാണത് (മത്താ 6,20). ദൈവം മനുഷ്യനായി നിർമ്മിച്ചിരിക്കുന്ന ഭവനമാണു സ്വർഗമെന്ന് പൗലോസ്ശ്ലീഹാ പറയുന്നു: "ഞങ്ങൾ വസിക്കുന്ന ഭൗമിക ഭവനം നശിച്ചുപോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽ നിന്നുള്ളതുമായ സ്വർഗീയ ഭവനം ഞങ്ങൾക്കുണ്ടെന്ന് ഞങ്ങൾ അറി യുന്നു" (2 കോറി 5,1). സകലവും പരിത്യജിച്ച് മിശിഹായെ അനുഗമിക്കുന്ന ശിഷ്യരുടെ പേരു കൾ സ്വർഗരാജ്യത്തിൽ എഴുതപ്പെടും (ലൂക്കാ 10,20). മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുന്നവർ എല്ലാവിധ സ്വർഗീയ ഗുണങ്ങളും സ്വീകരിക്കുന്നു. അവ അനശ്വരവും മഹത്ത്വപൂർണവും ശക്തി യാർജ്ജിച്ചതുമായിരിക്കും (1 കോറി 15,42-49). മനോഹാരിതയുടെയും (വെളി 21,1 മുതൽ) ജീവ ന്റെയും (1 തിമോ 4,8) ആരാധനയുടെയും (വെളി 19,1-3) മഹത്ത്വത്തിന്റെയും (2 കോറി 4,2) സ്ഥലമായ സ്വർഗമാണ് നമ്മുടെ പ്രത്യാശ.



# സിമിത്തേരിയിലോ നിക്ഷേപം?

റവ. ഫാ. ജോർജ് അമ്പഴത്തുങ്കൽ
പാലാ രൂപത

**ലോ**കത്തിലെ ഏറ്റവും വലിയ വിലമതിക്കാനാവാത്ത സ്ഥലം ഏതാണ്? സൗത്ത് ആഫ്രിക്കയിലെ സ്വർണ്ണഖനിയാണോ? മിഡിൽ ഈസ്റ്റിലെ എണ്ണ നിക്ഷേപമാണോ? Die empty എന്ന പുസ്തകം എഴുതിയ ജോഡ് ഹെന്ററി (പെൻഗ്വിൻ 2013) പറയുന്നു; "അത് സിമിത്തേരിയാണ്. കാരണം എഴുതപ്പെടാത്ത നോവലുകളും തുടങ്ങാൻ കഴിയാതെ പോയ ബിസ്സിനസ്സ് സ്ഥാപനങ്ങളും, കൂട്ടിയിണക്കാൻ കഴിയാതെപോയ ബന്ധങ്ങളും വിനിയോഗിക്കാൻ കഴിയാതെപോയ സുവിശേഷങ്ങളും അവിടെയാണുള്ളത്". ഇന്ന് വിനിയോഗിക്കേണ്ട കഴിവുകളും സമ്പത്തും അവസരങ്ങളും നാളത്തേയ്ക്കുവേണ്ടി മാറ്റിവയ്ക്കരുത് എന്നാണല്ലോ ഇത് സൂചിപ്പിക്കുന്നത്. കാരണം ഈലോകജീവിതം ഒട്ടും വിചാരിക്കാത്ത സമയത്ത് അവസാനിക്കാം. ചെയ്യാവുന്ന നന്മകൾ മാറ്റിവയ്ക്കരുത് എന്നർത്ഥം. നിത്യജീവിതത്തിനുള്ള അച്ചാരമായിരിക്കും അത്.

**മാറാനാത്ത**

കർത്താവേ വേഗം വരണമേ - മാറാനാത്ത - എന്നുള്ളത് ആദിമസഭയുടെ പ്രാർത്ഥനയായിരുന്നു. വിശുദ്ധഗ്രന്ഥം അവസാനിക്കുന്നത് ഈ പ്രാർത്ഥനയോടുകൂടിയാണ് (വെളി 22,20). ഇരുപത്തൊന്നാം വാക്യത്തിൽ എല്ലാവർക്കുമുള്ള കൃപ വാഗ്ദാനം ചെയ്യുന്നു. മഹത്വപൂർണ്ണമായ കർത്താവിന്റെ രണ്ടാമത്തെ വരവിനെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്ന ഒരു വിശുദ്ധ ജനതയുടെ പ്രതീക്ഷാനിർഭരമായ പ്രാർത്ഥനയാണത്. ദൈവത്തിന്റെ മഹത്ത്വത്തിലേക്ക് എടുക്കപ്പെടുവാനുള്ള യോഗ്യത തങ്ങൾക്കുണ്ട് എന്നുള്ള ആത്മവിശ്വാസവും ആ പ്രാർത്ഥനയിൽ ഉണ്ട്. അവനുവേണ്ടി, അവന്റെ നാമത്തെപ്രതി തങ്ങൾ സഹിച്ചിട്ടുണ്ട് എന്നതിൽ നിന്നാണ് ആ ആത്മവിശ്വാസം ഉണ്ടായത്. ഈ ആത്മവിശ്വാസം ഉണ്ടാകാൻ സഭാമക്കളോരോരുത്തരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണ് യുഗാന്ത്യകാലത്തെക്കുറിച്ചു ധ്യാനിക്കാൻ സഭ നല്കിയിരിക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലം.

ബാലികേ എഴുന്നേൽക്കൂ - ത്‌ലീത്താ കൂമി - (ലൂക്കാ 8,54) എന്ന് പറഞ്ഞ് ഈശോ ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന രംഗം ഓർക്കേണ്ടതുണ്ട്. നീ ഇങ്ങനെ മരിച്ചു ജീവിക്കേണ്ടവനല്ല; ജീവിച്ചു മരിക്കേണ്ടവനാണ് എന്നതാണ് അത് അർത്ഥമാക്കുന്നത്. നിന്റെ കഴിവു മുഴുവൻ ഉപയോഗിച്ച് നീ പ്രവർത്തിക്കണം. സുവിശേഷം സവിശേഷമായി ജീവിച്ചാൽ മാത്രം മതി. സുവിശേഷവചനങ്ങൾ ഗൗരവത്തോടെ എടുക്കണം. "ആരും എനിക്ക് വഴികാണിച്ചുതന്നില്ല; എന്നാൽ സുവിശേഷത്തിന്റെ വഴിയിൽ ജീവിക്കാൻ പരമോന്നതൻ എനിക്കു വെളിപ്പെടുത്തി" എന്ന് വി. ഫ്രാൻസീസ് അസ്സീസ്സി പറയുന്നുണ്ടല്ലോ. സ്വയം വെട്ടിത്തെളിച്ച പാതയായിരുന്നു അസ്സീസ്സിയുടേത്. നമ്മളും സ്വന്തം പാത കണ്ടെത്തണം. അസ്സീസ്സിയുടെ ജീവിതമോ വിളിയോ അല്ല നമ്മുടേത്. സ്വർഗ്ഗത്തിലേക്കുള്ള വഴി ഏതാണ് എന്ന് ഫ്രാൻസിസ് മാർപാപ്പയോട് പത്രപ്രവർത്തകൻ ചോദിച്ചപ്പോൾ 'എത്ര മനുഷ്യരുണ്ടോ അത്രയും വഴികൾ ഉണ്ട്' എന്നാണ് ഫ്രാൻസിസ് പാപ്പാ മറുപടി പറഞ്ഞത്. ഓരോരുത്തരുടെയും സാഹചര്യങ്ങളും ദൈവം ഏല്പിച്ച ദൗത്യങ്ങളും അതിനായി നൽകിയ താലന്തുകളും വ്യത്യസ്തമാണ്. വേറൊരാളുടെ ജീവിതം കോപ്പിയടിക്കേണ്ടതില്ല എന്നു ചുരുക്കം. വിശുദ്ധർ നമ്മളെ പ്രചോദിപ്പിക്കുന്നു, അത്രമാത്രം. ദൈവവചനമാണ് നമ്മുടെ യഥാർത്ഥ വഴികാട്ടി.

**സ്വർഗത്തിലേക്ക് എത്രദൂരം!**

ജീവനിലേക്കുള്ള വഴി വീതികുറഞ്ഞതും വാതിൽ ഇടുങ്ങിയതുമാണെന്ന് ഈശോ വ്യക്തമാക്കിയിട്ടുണ്ട് (മത്താ 7,14). എന്നാൽ ആ വഴിയിലൂടെ എത്ര ദൂരം പോകണമെന്ന് വ്യക്തമായി പറയുന്നില്ല. ലൂക്കാ 16,20 ൽ ആ ദൂരത്തെക്കുറിച്ച് ഒരു സൂചനയുണ്ട്. ധനവാന്റെ പടിവാതിൽക്കൽ കിടന്നിരുന്ന ലാസറിനെ ധനവാൻ ശ്രദ്ധിച്ചില്ല എന്ന കുറ്റാരോപണം പിന്നീടദ്ദേഹം കേൾക്കുന്നുണ്ട്. ഈ പടിവാതിൽ സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള പടിവാതിലായി മാറുകയാണ്. ഈ പടിവാതിൽ കടന്ന ലാസറിലേക്കുകൂടി ധനവാൻ ജീവിച്ചിരുന്നപ്പോൾ അയാളുടെ ദൃഷ്ടി പതിഞ്ഞിരുന്നെങ്കിൽ അത് സ്വർഗ്ഗത്തിലേക്കുള്ള പടിവാതിലാകുമായിരുന്നു എന്ന് അബ്രാഹം സൂചിപ്പിക്കുന്നുണ്ട്. ആ അർത്ഥത്തിൽ ഒരു പടിവാതിലിന്റെ ദൂരമേയുള്ളൂ സ്വർഗ്ഗത്തിലേക്ക്. അവനവനിലേക്ക് മാത്രമൊതുങ്ങാതെ, ഞാനും എന്റെ കുടുംബവും എന്നതിനപ്പുറത്തേക്ക് എന്റെ ലോകം വികസിക്കുമ്പോൾ, അവിടെ സ്വർഗ്ഗരാജ്യം തുടങ്ങുന്നു എന്നു പറയാം. മഹത്ത്വപൂർണമായ നിത്യജീവിതത്തിലേക്കുള്ള പടിവാതിലായി അതു മാറുകയും ചെയ്യും.

എന്നാൽ ഈ പടിവാതിലിന്റെ ദൂരം അഗാധ ഗർത്തമായി മാറുന്ന ചരിത്രം നാം പിന്നീട് കാണുന്നു. അളക്കാൻ വയ്യാത്തവിധം, നടന്നു തീർക്കാൻ വയ്യാത്തവിധം ദൂരം കൂടുന്നു. ദൈവികമഹത്ത്വത്തിൽ നിന്നുള്ള അകൽച്ചയെ ആണല്ലോ അതു സൂചിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ ഭൂമിയിൽ സാധ്യമായിരുന്ന പങ്കുവയ്ക്കൽ അവിടെ സാധ്യമാകുന്നില്ല. ഒരിറ്റുവെള്ളം പോലും ഒരു സമാശ്വാസത്തിനു പങ്കുവയ്ക്കാൻ പറ്റുന്നില്ല. ഭൂമിയിലായിരുന്നപ്പോൾ ചെയ്യാത്ത നന്മകൾക്ക് ഈ ഭൂമി വിട്ടുകഴിഞ്ഞാൽ പരിഹാരമില്ല എന്നുതന്നെയാണല്ലോ അത് സൂചിപ്പിക്കുന്നത്. മോശയും പ്രവാചകരും -വിശുദ്ധഗ്രന്ഥം- പറയുന്നതുപോലെ ചെയ്യുക എന്ന നിർദ്ദേശം അബ്രാഹം നൽകുന്നു. അസാധാരണമായ വെളിപ്പെടുത്തലിനുവേണ്ടിയോ അത്ഭുതത്തിനു വേണ്ടിയോ കാത്തിരിക്കണ്ട എന്ന സൂചന അതിലുണ്ട്. ദൈവത്തിന്റെ പദ്ധതികളും അവിടുന്നു നൽകുന്ന പെരുമാറ്റചട്ടങ്ങളും വിശദമായും വ്യക്തമായും ബൈബിൾ വിശദീകരിക്കുന്നു. അത് എത്രമാത്രം ഉൾക്കൊള്ളുന്നു എന്നതിന്റെ തോതനുസരിച്ച് മഹത്ത്വത്തിലേക്കുള്ള ഓരോരുത്തരുടെയും യാത്ര എളുപ്പമാകും. ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും സാധാരണ എല്ലാവരും പ്രത്യേക പരിഗണന കൊടുക്കുന്നതാണ്. എന്നാൽ ദൈവത്തിന്റെ പദ്ധതികൾ നടപ്പാക്കുകതന്നെ ചെയ്യുമെന്നും ഒരാൾക്കുപോലും ഒരു ഇളവ് ലഭിക്കുകയില്ലെന്നും വ്യക്തമായ സൂചന വേദപുസ്തകം നൽകുന്നു (ലൂക്കാ 21,20-33). അതോടൊപ്പം രക്ഷകനായ ഈശോയെ സ്വീകരിക്കുകയും അവന്റെ വാക്കുകൾ ഗൗരവബുദ്ധ്യാ എടുക്കുകയും ചെയ്യുന്നവർ ശിരസ്സുയർത്തി അഭിമാനത്തോടെ നില്ക്കാൻ ഇടയാവുകയും ചെയ്യും എന്ന പ്രത്യാശയുടെ വാക്കുകൾ ഉറപ്പോടെ ഈശോ നൽകുന്നുണ്ട് (ലൂക്കാ 21,28). ഈ വാക്കുകൾ പാലിക്കപ്പെടുക തന്നെ ചെയ്യും എന്ന് ഈശോ വീണ്ടും പറയുന്നു (ലൂക്കാ 21,33). ദൈവം അനുവദിക്കുന്ന സമയം വരെ മാത്രമേ തിന്മയുടെ ശക്തി അഴിഞ്ഞാടുകയുള്ളൂ (ലൂക്കാ 21,24). തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെപ്രതി ആ ദിവസങ്ങൾ അവിടുന്നു പരിമിതപ്പെടുത്തും (മത്താ 24,22-23) എന്ന ആശ്വാസവചനവും അവിടുന്നു നൽകുന്നു.

ഇങ്ങനെയൊക്കെ നമ്മൾ ധ്യാനിക്കുമ്പോൾ യുഗാന്ത്യചിന്തകൾ പങ്കുവയ്ക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ പ്രത്യാശയുടെയും പ്രതീക്ഷയുടെയും സമാധാനത്തിന്റെയും കാലങ്ങളാണ്. അതുകൊണ്ടുതന്നെ യഥാർത്ഥ ക്രിസ്തു അനുയായി മനസ്സുനിറയെ സന്തോഷിക്കുന്ന അവസരവും കൂടിയാണ് പറുദീസാക്കാലം എന്ന് വിശേഷിപ്പിക്കാവുന്ന യുഗാന്ത്യകാലം.

**"ദൈവശാസനങ്ങൾ ആർക്കു ഗ്രഹിക്കാനാകും? കർത്താവിന്റെ ഹിതം തിരിച്ചറിയാൻ ആർക്കു കഴിയും? മർത്ത്യരുടെ ആലോചന നിസ്സാരമാണ്. ഞങ്ങളുടെ പദ്ധതികൾ പരാജയപ്പെടാം. നശ്വരശരീരം ആത്മാവിനു ദുർവഹമാണ്. ഈ കളിമൺകൂടാരം ചിന്താശീലമുള്ള മനസ്സിനെ ഞെരുക്കുന്നു. ഭൂമിയിലെ കാര്യങ്ങൾ ഊഹിക്കുക ദുഷ്കരം. അടുത്തുള്ളതുപോലും അധ്വാനിച്ചുവേണം കണ്ടെത്താൻ: പിന്നെ ആകാശത്തിലുള്ള കാര്യങ്ങൾ കണ്ടെത്താൻ ആർക്കു കഴിയും? അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽനിന്നു നൽകിയില്ലെങ്കിൽ, അങ്ങയുടെ ഹിതം ആരറിയും! ജ്ഞാനം ഭൂവാസികളുടെ പാത നേരേയാക്കി, അങ്ങേക്കു പ്രസാദമുള്ളവ അവരെ പഠിപ്പിച്ചു: അവർ രക്ഷിക്കപ്പെടുകയും ചെയ്തു". (ജ്ഞാനം 9,13-19)**

# പ്രധാനപ്പെട്ട കാര്യം



സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കു**ടുംബക്കൂട്ടായ്മാവാർഷികമാണ് ഞായറാഴ്ച വൈകുന്നേരം. പ്രാക്ടീസ് ഒന്നും ആയിട്ടില്ല. നന്നായി അവതരിപ്പിക്കണമെങ്കിൽ ഇനിയും പ്രാക്ടീസ് വേണം. മറ്റു കാര്യങ്ങളും ക്രമീകരിക്കണമല്ലോ. ഞായറാഴ്ച രാവിലെ 9.30 നുതന്നെ എല്ലാവരും ഒരുമിച്ചു കൂടുവാൻ തീരുമാനിച്ചു. തലേദിവസം കാര്യങ്ങളൊക്കെ ക്രമീകരിച്ചു കിടന്നപ്പോൾ വൈകി, രാവിലെ ഉണർന്നതും വൈകിയാണ്. പിന്നീടങ്ങോട്ട് ഒരു പരാക്രമമായിരുന്നു. ചക്രംവച്ച് ഓടിയിട്ടും ഏഴു മണിയുടെ കുർബ്ബാനയ്ക്ക് എത്താൻ പറ്റിയില്ല. മക്കളെ ഒരുക്കി ഒൻപതരയുടെ കുർബ്ബാനയ്ക്കും വിശ്വാസ പരിശീലനത്തിനുമായി വിട്ടു. ശേഷം ഒന്നുകൂടി ആലോചിച്ചു: "വേണ്ട, പ്രാക്ടീസ് ചെയ്തില്ലെങ്കിൽ പെർഫോമൻസ് മോശമാകും. വർഷത്തിൽ ഒരിക്കലല്ലേ... സാരമില്ല, തമ്പുരാൻ ക്ഷമിക്കട്ടെ. ലീഡറാകുമ്പോൾ ഉത്തരവാദിത്വം എനിക്കല്ലേ..." ഇങ്ങനെ ഞായറാഴ്ച കുർബാന മുടക്കുന്നതിനുള്ള കാരണങ്ങൾ ലാൻസി കണ്ടെത്തി!

***"നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്".***

***"കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം."***

***"ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബ്ബാനയിൽ പങ്കുചേരണം."***

ജീവിതത്തിൽ പ്രധാനപ്പെട്ടത് ഏത് എന്നു തിരഞ്ഞെടുക്കേണ്ട ഒരു സമയം എല്ലാവർക്കുമുണ്ടായിട്ടുണ്ട്. ഒരു ഫോൺകോൾ എടുക്കുന്നതും മെസ്സേജു കണ്ട് മറുപടി കൊടുക്കുന്നതും തുടങ്ങി, അതോ ഇതോ എന്നു തീരുമാനമെടുക്കേണ്ട നിർണ്ണായക നിമിഷങ്ങൾ എല്ലാവരുടെയും ജീവിതത്തിലുണ്ട്.

ഫോൺ വിളിക്കാനായി അയൽക്കാരെ ആശ്രയിച്ചിരുന്ന കാലത്തും ലാൻഡ്ഫോൺ സ്വന്തമായുണ്ടായിരുന്ന കാലത്തും മൊബൈൽഫോൺ റീചാർജു ചെയ്യാൻ പണമില്ലാതിരുന്ന കാലത്തും വരുന്ന ഫോൺകോളുകൾക്കൊക്കെ കൃത്യമായി മറുപടി നല്കുമായിരുന്നു. അൺലിമിറ്റഡ് കോൾ ഉള്ള സ്മാർട്ട്ഫോണിൽ ആരാണ് വിളിക്കുന്നത് എന്ന് തെളിഞ്ഞുവരുമ്പോൾ 'തിരക്കിനിടെ' പിന്നെയാവട്ടെ എന്നുവയ്ക്കുന്നവരാണ് പലരും. ഫോണിൽവരുന്ന മെസ്സേജുകളിൽ ചിലതിനുമാത്രം മറുപടി നല്കുന്നതും ചിലതു പിന്നെയാകട്ടെ എന്നുവയ്ക്കുന്നതും എനിക്കതു പ്രധാനപ്പെട്ടതല്ലാത്തതു കൊണ്ടല്ല, അതിനേക്കാൾ പ്രധാനപ്പെട്ടതായി മറ്റു ചിലത് ഉള്ളതിനാലാണ് എന്നു ന്യായീകരിക്കാം.

കുടുംബാഘോഷത്തിനുവേണ്ടി ഒഴിവാക്കപ്പെടുന്ന കുടുംബപ്രാർത്ഥനകൾ, സൗഹൃദസംഗമത്തിനുവേണ്ടി വേണ്ടായെന്നു വയ്ക്കുന്ന ബലിയർപ്പണങ്ങൾ....

വിശ്വാസപരിശീലനക്ലാസ്സിൽ പതിവായി വരാതിരിക്കുന്ന ഒരു കുട്ടിയെപ്പറ്റി മാതാപിതാക്കളോടു സംസാരിച്ചപ്പോൾ "സ്കൂളിൽ പോയി എന്നും വൈകിയാ വരുന്നത്, പഠിക്കാനും ഒരുപാടുണ്ട്. ആകെയൊരു ദിവസമല്ലേ കിട്ടുന്നുള്ളൂ..." എന്നായിരുന്നു മറുപടി! തലേന്നു വൈകി വന്നാലും ഏറെ പഠിക്കാൻ ഉണ്ടെങ്കിലും പിറ്റേന്നു കൃത്യസമയത്തു സ്കൂളിൽ എത്തണമെന്നത് എന്തേ ഒരു ഭാരമാകാത്തത്? അതു പ്രധാനപ്പെട്ടതായി തോന്നിയതിനാലല്ലേ? ആഘോഷങ്ങൾ കൂട്ടായ്മ വർദ്ധിപ്പിക്കും എന്നതിന്റെ പേരിൽ ഞായറാഴ്ചകൾ മറ്റ് ആഘോഷങ്ങൾക്കു വേദിയാകുമ്പോൾ, കടമ തീർക്കാനെന്നവണ്ണം 'എങ്ങനെയെങ്കിലും അർപ്പിക്കുന്ന' പരിശുദ്ധ കുർബാനയെക്കാൾ പ്രാധാന്യം കൊടുക്കുന്നത് അതിനല്ലേ? പഠനത്തിനായി ഹോസ്റ്റലിൽ താമസിച്ചിരുന്ന മകൾക്ക് ഹോസ്റ്റലിനു പുറത്ത് തനിയെ പോകുവാൻ അനുവാദം ലഭിക്കാത്ത സാഹചര്യത്തിൽ ഓരോ ഞായറാഴ്ചയും അതിരാവിലെ ഉണർന്ന് ദീർഘദൂരം യാത്ര ചെയ്ത് ഹോസ്റ്റലിലെത്തി മകളെയുംകൂട്ടി പള്ളിയിൽ പോയി അവളെ പരിശുദ്ധ കുർബാനയിൽ പങ്കെടുപ്പിക്കാൻ ശ്രമിച്ചിരുന്ന മാതാപിതാക്കളും നമ്മുടെയിടയിലുണ്ട് എന്നത് സന്തോഷത്തോടെ ഓർമ്മിക്കേണ്ടതാണ്.

മറ്റു കുടുംബങ്ങളുമായുള്ള കൂട്ടായ്മ മാത്രമല്ല, സ്വന്തം കുടുംബത്തിലും കൂട്ടായ്മയുണ്ടെന്ന് നാം ഉറപ്പുവരുത്തണം. പ്രാർത്ഥനയുടെ പേരിൽ കുടുംബത്തോടുള്ള ഉത്തരവാദിത്വം മറന്നു പ്രവർത്തിക്കുന്നവരുണ്ട്. കുടുംബാംഗങ്ങളോടൊത്തായിരിക്കേണ്ട സമയം പ്രർത്ഥനയ്ക്കായി മാറ്റിവയ്ക്കുന്നത് മറ്റുള്ളവരിൽനിന്നും ഒഴിഞ്ഞുമാറാനാണെങ്കിൽ അവിടെയും പ്രാധാന്യം ദൈവത്തിനല്ല എന്നതു വ്യക്തമാണല്ലോ. അന്ത്യവിധിയുടെ ചോദ്യങ്ങൾ പരസ്പരസാഹോദര്യം വെളിവാക്കുന്നതാണെങ്കിലും ദൈവത്തെ മറന്നുകൊണ്ടുള്ള സേവനപ്രവർത്തനങ്ങൾ, പരിശുദ്ധമായ ദൈവാരാധന വേണ്ടെന്നുവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതല്ലേ...?

ആത്യന്തികമായി നാം ദൈവത്തിലെത്തിച്ചേരേണ്ടവരാണെന്ന ലക്ഷ്യം മറക്കരുത്. ഇവിടെയൊക്കെ നിഷ്കളങ്കമായ, എളിമയാർന്ന വിവേകം നമ്മെ നയിക്കട്ടെ. നിത്യജീവൻ നിത്യമാണെന്നും ഈ ലോകത്തിലെ ചെയ്തികൾക്കനുസൃതം നാം വിധിക്കപ്പെടുമെന്നും മറന്നുപോകുന്നുവോ? ഇവിടെ നാം സൃഷ്ടിച്ച ഈ വിടവ് നിത്യതയിൽ അനന്തമായ വിടവായി മാറുമോ? ജീവിതം ഒന്നേയുള്ളൂ, അത് ആസ്വദിക്കണം... നശ്വരമാണെന്നു വിസ്മരിക്കാതെ....



# മരണം കള്ളനെപ്പോലെ...

**കൊച്ചുറാണി മങ്ങാട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രാഴ്ചമുമ്പ് ഞങ്ങൾ തമ്മിൽ സംസാരിച്ചതാണെന്നേ. അവൻ ഒരുക്കുന്ന മ്യൂസിക് ആൽബത്തിൽ ഒന്നു പാടി കൊടുക്കണം എന്നതായിരുന്നു ആവശ്യം. കുറെ നാളുകൾക്കു ശേഷം വിളിച്ചതായതിനാൽ അന്ന് ഇത്തിരിയേറെ സമയം സംസാരിച്ചു. പാട്ട് അയച്ചുതരികയും റെക്കോർഡിങ് ടൈം അറിയിക്കാം എന്ന് മെസ്സേജ് ചെയ്യുകയും ചെയ്തു. മരണം കള്ളനെപ്പോലെ വരുന്നു എന്നത് എത്രയോ യാഥാർത്ഥ്യം! നാളെയിലെ സ്വപ്നങ്ങളെ തച്ചുടച്ച് അവന്റെ ജീവിതത്തിലേക്ക് മരണം ഇതാ കള്ളനെപ്പോലെ.... സൈലന്റ് അറ്റാക്ക് എന്ന കള്ളന്റെ വേഷം ധരിച്ച്....

45 വയസ്സുള്ള അവന്റെ മരണത്തെ ഉൾക്കൊള്ളാൻ അത്ര എളുപ്പമായിരുന്നില്ല ആർക്കും. എന്നാണാവോ അവൻ നമ്മെയും തേടി വരുന്നത്??? മരണം അത് എത്ര ഭയാനകമാണെങ്കിലും ഓടിയൊളിക്കാൻ ആവില്ലല്ലോ. വചനം പറയുന്നു: “സദാ ജാഗരൂകരായിരിക്കുവിൻ. നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ.... നിങ്ങളും തയ്യാറായിരിക്കണം. നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിൽ ആയിരിക്കും മനുഷ്യപുത്രൻ വരുന്നത്” (മത്താ 24,42-44).

കർത്താവിന്റെ വരവിനായി ജാഗരൂകതയോടെ ഒരുങ്ങി കാത്തിരുന്നവരുടെ ഒരു വലിയ നിരതന്നെ സഭയിൽ ഉണ്ടായിരുന്നു; തങ്ങൾ സ്വർഗീയയാത്രയിലാണെന്ന ബോധ്യമുണ്ടായിരുന്ന വർ. മരണത്തെ പലരും ഭയത്തോടെ ഓർക്കുമ്പോൾ വിശുദ്ധർ ഭയലേശമെന്യേ മരണത്തെ

സ്വാഗതം ചെയ്യുന്നു. വിശുദ്ധ അൽഫോൻസാമ്മ തന്റെ മരണത്തെ ഇങ്ങനെ പറഞ്ഞുകൊണ്ട് സ്വാഗതം ചെയ്തു: "ഭാരക്കുറവുള്ള പക്ഷികൾക്ക് വളരെ വേഗത്തിൽ മുന്നോട്ടു പറക്കാൻ കഴിയുമല്ലോ. ചില പക്ഷികൾ പറന്നാൽ ചിറകടി ശബ്ദം പോലും കേൾക്കില്ല. ഞാനും ഒരിക്കൽ അപ്രകാരം പറന്നു പോകും. എന്റെ ബലി പൂർത്തിയാകുമ്പോൾ എന്നെ കർത്താവ് മാടിവിളിക്കും. അപ്പോൾ ഞാൻ ഓടിപ്പോയി എന്റെ കർത്താവിന്റെ മടിയിൽ ഇരിക്കും. നിങ്ങളാരും അത് അറിയില്ല". മരണാസന്നയായ അൽഫോൻസാമ്മ തന്റെ അരികിൽ നിന്നവരോടു പറഞ്ഞു: "എന്റെ നല്ല ഉടുപ്പ് എടുത്ത് എന്നെ അണിയിക്കുക. ഞാൻ പോകട്ടെ". സന്തോഷത്തോടെ, ശാന്തതയോടെ അവൾ യാത്രയായി. സ്വർഗംതന്നെ നമ്മെ കൂട്ടിക്കൊണ്ടു പോകാൻവരുമ്പോൾ എങ്ങനെ സന്തോഷിക്കാതിരിക്കാനാവും! വചനം ഓർമ്മിപ്പിക്കുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട" (യോഹ 14,1-3).

ദൈവം നമുക്കായി ഒരുക്കി കാത്തിരിക്കുന്ന നിത്യാനന്ദത്തിന്റെ പറുദീസയിലേക്ക് ആനന്ദത്തോടെ പ്രവേശിക്കാൻ നമുക്കും ഒരുങ്ങി കാത്തിരിക്കാം.

"നാഥാ, നിൻ പ്രിയ ദാസന്മാർ
നിത്യാനന്ദം നേടീടാൻ
നിതരം കാത്തു വസിക്കുന്നു
'എന്നിൽ നിയതം വിശ്വാസം
അർപ്പിക്കുന്നവർ നേടീടും
നിത്യായുസ്സും ജീവനു'മെ-
ന്നൻപോടരുളിയ കർത്താവേ,
ആരാധകരാം ഞങ്ങളെ നീ
സദയം കാത്തു നയിക്കണമേ;
കുരിശിൻചിറകിൽ പൂന്തണലിൽ
അഭയം ഞങ്ങൾ തേടുന്നു"
(സ്ലീവാ നാലാം ഞായർ-റംശാ)

സ്വർഗമായിരിക്കട്ടെ നമ്മുടെ ഗേഹം.... വിശുദ്ധിയായിരിക്കട്ടെ നമ്മുടെ മാർഗം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

*നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:*
*1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 06*

# പിതാവിൽനിന്നും പുറപ്പെടുന്ന റൂഹാ



**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആമുഖം**

മിശിഹായെ അനുഗമിക്കുന്നവർ അവിടുത്തെ സ്വർഗാരോഹണത്തിനുശേഷം ഒറ്റക്കാവാതിരിക്കാൻ അവസാന അത്താഴ അവസരത്തിൽ ഈശോ അവർക്ക് ഒരു സഹായകനെ വാഗ്ദാനം ചെയ്തു. "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും" (യോഹ 14,16). സഹായകനായ പാറക്ലേത്ത പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ്. പിതാവിലും പുത്രനിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം നാം റൂഹായിലുള്ള വിശ്വാസമാണ് വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്. "പിതാവിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നതാണ് നിഖ്യായിൽ പിതാക്കന്മാർ ഏറ്റുപറഞ്ഞ വിശ്വാസം. പിതാവിനോടും പുത്രനോടുമൊപ്പം ഏകസത്തയാണ് റൂഹാ. മൂവരും ഒന്നുചേർന്നാണ് ഏകദൈവമാകുന്നത്. മൂന്നു വ്യക്തികൾ സ്നേഹത്തിൽ ഒന്നായിരിക്കുന്നു. ഏകദൈവം ത്രിത്വൈക ദൈവമാകുന്നു. വിശുദ്ധ അഗസ്തീനോസ് പറയുന്നതുപോലെ "ഏകത്വത്തിന്റെ ത്രിത്വവും ത്രിത്വത്തിന്റെ ഏകത്വവും" എന്നും നമ്മുടെ ബൗദ്ധികശക്തിയുടെ അതിരുകളെ ഉല്ലംഘിയ്ക്കുന്ന ഒരു സമസ്യയായി തുടരും. ആ രഹസ്യത്തെ കൂടുതൽ അടുത്തറിയുകയാണ് ഈ ധ്യാനവായനയിൽ നാം ലക്ഷ്യമിടുന്നത്.

## 1. സത്യാത്മാവും ജീവദായകനും

സത്യത്തെക്കുറിച്ചു നമ്മെ പഠിപ്പിക്കുന്നത് റൂഹായാണ്. "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ 16,13) എന്ന് ഈശോ തന്നെ പറഞ്ഞിട്ടുണ്ടല്ലോ. വഴിയും സത്യവും ജീവനുമായ ഈശോ നമ്മെ പഠിപ്പിച്ച കാര്യങ്ങൾ വീണ്ടും നമ്മെ ഓർമിപ്പിക്കുകയും ആ പ്രബോധനങ്ങൾ നമ്മെ വീണ്ടും അനുസ്മരിപ്പിക്കുകയും ചെയ്യുന്നത് റൂഹായാണ്: "എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയുംചെയ്യും" (യോഹ 14,26).

ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4,24) എന്ന സമരിയക്കാരി സ്ത്രീയോടുള്ള ഈശോയുടെ വാക്കുകൾ ഇത്തരത്തിൽ വളരെ പ്രസക്തമാണ്. സത്യാത്മാവാണ് ആത്മാവായ ദൈവത്തെ യഥാർത്ഥത്തിൽ ആരാധിക്കാൻ നമ്മെ സഹായിക്കുന്നത്. വിശുദ്ധ പൗലോസ്ശ്ലീഹാ ഇക്കാര്യം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്: "നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ, ആത്മാവ് ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്" (റോമാ 8,26-27).

## 2. റൂഹാ - വിശുദ്ധ ഗ്രന്ഥത്തിലും തിരുസ്സഭയിലും

റൂഹായെ സൂചിപ്പിക്കാൻ വിശുദ്ധ ഗ്രന്ഥത്തിൽ പല രീതിയിലുള്ള പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ജലം, അഭിഷേകം, അഗ്നി, മേഘം, വിരൽ, പ്രാവ് മുതലായവ ഇങ്ങനെ പഴയനിയമത്തിലും പുതിയനിയമത്തിലുമായി നാം കാണുന്ന പ്രതീകങ്ങളാണ്. റൂഹായുടെ പ്രവർത്തനം ആരംഭിക്കുന്നത് ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനും ശേഷം മാത്രമല്ല, ആദിമുതൽതന്നെ റൂഹാ പ്രവർത്തനനിരതനാണ്. "ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു'' (ഉത്പത്തി 1,2) എന്ന സൃഷ്ടിവിവരണത്തിലെ സൂചന റൂഹായെക്കുറിച്ചാണ്. സൃഷ്ടിയിൽ ആരംഭിക്കുന്ന റൂഹായുടെ പ്രവർത്തനം പഴയനിയമ കാലഘട്ടത്തിലും പുതിയനിയമ കാലഘട്ടത്തിലും തുടർന്ന് തിരുസഭയിലും നമുക്ക് കാണാനാകും. യുഗങ്ങളുടെ അവസാനംവരെയും റൂഹാ മനുഷ്യകുലത്തിനു സഹായവും വെളിച്ചവുമായുണ്ടാവും.

പരിശുദ്ധ റൂഹാ വസിക്കുന്നതും പ്രവർത്തിക്കുന്നതും തിരുസഭയിലാണ്. തിരുസഭയുടെ ദൃശ്യസീമകളുടെ പുറത്തും റൂഹായുടെ പ്രവർത്തനം കാണാമെങ്കിലും റൂഹായുടെ പരമപ്രധാനമായ പ്രവർത്തനം ഈശോമിശിഹായുടെ മൗതികശരീരമായ തിരുസഭയിലാണ്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം റൂഹായെ കണ്ടെത്താനും അറിയാനും സാധിക്കുന്ന മാർഗങ്ങളെപ്പറ്റി പറയുന്നുണ്ട്:

1. റൂഹായാൽ വിരചിതമായ വിശുദ്ധ ഗ്രന്ഥത്തിൽ.
2. വിശുദ്ധ പാരമ്പര്യത്തിൽ.
3. റൂഹായുടെ സഹായത്തോടെയുള്ള സഭയുടെ പ്രബോധനാധികാരത്തിൽ.

4. സഭയുടെ ആരാധനാക്രമത്തിൽ.
5. പ്രാർത്ഥനയിൽ.
6. സഭയുടെ ശ്ലൈഹികവും പ്രേഷിതപരവുമായ ശുശ്രൂഷകളിൽ.
7. വിശുദ്ധരുടെ സാക്ഷ്യത്തിൽ.

**3. പിതാവിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്**

ഒട്ടേറെ ചർച്ചകൾക്കും വിവാദങ്ങൾക്കും ഇടയാക്കിയിട്ടുള്ള ഒരു വിഷയമാണ് റൂഹായുടെ ഉത്ഭവം പിതാവിൽനിന്നാണോ അതോ പിതാവിൽനിന്നും പുത്രനിൽനിന്നുമാണോ എന്നത്. 1054 ൽ കിഴക്കും പടിഞ്ഞാറും തമ്മിൽ ദൈവശാസ്ത്രഭിന്നതയിൽ സഭകൾ രണ്ടായതും ഈ വിഷയത്തിലാണ്. നിഖ്യാ സൂനഹദോസിന്റെ പതിനേഴു നൂറ്റാണ്ടുകൾ പൂർത്തീകരിക്കുന്ന വാർഷികത്തിൽ നാം ഓർമിക്കേണ്ട ഒരു സത്യം സൂനഹദോസിൽ പിതാക്കന്മാർ ഏറ്റുപറഞ്ഞത് "പിതാവിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്നാണ്. ലത്തീൻ സഭയിൽ പിന്നീട് പ്രാദേശിക കൗൺസിലുകളിൽ വെച്ച് കൂട്ടിച്ചേർക്കപ്പെട്ടതാണ് ''പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന" എന്ന ഈ പ്രയോഗം. ദൈവശാസ്ത്രപരമായി "പിതാവിൽ നിന്നും പുത്രനിലൂടെ പുറപ്പെടുന്ന റൂഹാ" എന്നതാണ് ഈ രണ്ടു കാഴ്ചപ്പാടുകളെയും കൂട്ടിച്ചേർക്കുന്നത്. ഇത് റൂഹായുടെ ഏക ഉറവിടമെന്ന നിലയിൽ പിതാവിന്റെ ദൗത്യവും അതേസമയം പുത്രന്റെ പ്രവർത്തനവും ഒരുമിപ്പിക്കുന്നു. ഈ വിഷയത്തിന്റെ ദൈവശാസ്ത്രപര മായ ആഴങ്ങളും അഭിപ്രായവ്യത്യാസങ്ങളുടെ ചരിത്രവും ഒഴിവാക്കി ചുരുക്കത്തിൽ അവതരിപ്പിച്ചാൽ filioque എന്നത് പാശ്ചാത്യ സഭയുടെ ദൈവശാസ്ത്ര ചിന്തയും filioque കൂട്ടിച്ചേർക്കാത്ത വിശ്വാസപ്രമാണം പൗരസ്ത്യ സഭകളുടെ വിശ്വാസപ്രഖ്യാപനവുമാണ്. ഇവ രണ്ടും വാസ്തവത്തിൽ വിശ്വാസപരമായി പരസ്പരം എതിർക്കുന്ന ദൈവശാസ്ത്ര ആശയങ്ങ ളല്ല എന്നു മാത്രമല്ല, പരസ്പരപൂരകങ്ങളുമാണ്.

(തുടരും)

**''നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും" (യോഹ 14,15-18).**

**''അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും - അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും" (യോഹ 16,8-11).**

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയാ-സ്ലീവാ-മൂശക്കാലത്തിലെ വിചിന്തന വിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന സ്ലീവായുടെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽ വച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലുമായി മൂശയും ഏലിയായും കാണപ്പെട്ടതുപോലെ സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മൂശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദാന നാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മൂശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്കു തിരിച്ചു കൊണ്ടുവരാനായി അക്ഷീണം പ്രയത്നിച്ച പ്രവാചകനാണ് ഏലിയാ. യുഗാന്തത്തിൽ മിശിഹായുടെ വരവിനു മുമ്പ് ഏലിയാ വീണ്ടും പ്രത്യക്ഷപ്പെടുമെന്നും, വിനാശത്തിന്റെ പുത്രന് അവന്റെ തെറ്റു ബോധ്യപ്പെടുത്തി കൊടുക്കുമെന്നും ഇസ്രായേൽ ജനതയും ആദിമസഭയും വിശ്വസിച്ചിരുന്നു (മലാ 4,5-6; മത്താ 16,14). ലോകാവസാനം, മരണം, അന്ത്യവിധി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ബോധ്യം ജനങ്ങൾക്കു നല്കി അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ<br>സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2025 ഓഗസ്റ്റ് 12,13 തീയതികളിൽ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ പ്രതിമാസ സമ്മേളനം സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടക്കുകയുണ്ടായി. സെനക്കിൾ ആസ്പിരന്റ്സ് വൈദികരുടെ 'ഓൺലൈൻ' സമ്മേളനം ഓഗസ്റ്റ് 18-ാം തീയതി വൈകുന്നേരം 7 മണിക്കും, സെനക്കിൾ സ്നേഹിതരായവരുടെ സമ്മേളനം ഓഗസ്റ്റ് 20-ാം തീയതി കോട്ടയം, സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെയും നടത്തുകയുണ്ടായി. സെനക്കിൾ സ്നേഹിതരായ 9 വൈദികർ പ്രസ്തുത സമ്മേളനത്തിൽ പങ്കുചേർന്ന് പരസ്പരം പരിചയപ്പെടുകയും സെനക്കിൾ ആദ്ധ്യാത്മികതയെക്കുറിച്ച് മല്പാൻ മാത്യു വെള്ളാനിക്കലച്ചനോടൊപ്പം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വൈദികരുടെ വാർഷിക സമ്മേളനമായ 'Week of the Institute' റോമിലെ സുബിയാക്കോയിൽ വച്ച് ഓഗസ്റ്റ് 25 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തി. ഇന്ത്യയിലെ നാഷണൽ മേജർ ഫാദർ തോമസ് തെക്കേമുറി പ്രസ്തുത സമ്മേളനത്തിൽ സംബന്ധിച്ചു.

# സ്വർഗോന്മുഖരായ് മുന്നേറാം



**ബ്ലെസി ചേക്കയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**“നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ” (മത്താ 24:42).**

മനുഷ്യചരിത്രത്തിന്റെ യാത്ര ഒരു ലക്ഷ്യത്തിലേക്കാണു നീങ്ങുന്നത്. സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള ഒരു പ്രയാണമാണത്. ഏലിയാ-സീവാ-മൂശകാലം നമ്മെ യുഗാന്ത്യത്തെക്കുറിച്ചും മിശിഹായുടെ മഹിമ പ്രതാപത്തോടെയുള്ള രണ്ടാംവരവിനെകുറിച്ചും അന്ത്യവിധിയെക്കുറിച്ചും എല്ലാം പ്രത്യേകമായി അനുസ്മരിപ്പിക്കുന്നുണ്ടല്ലോ.

സ്വർഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭൂമിയോടും ഭൗമിക ജീവിതത്തോടുമുള്ള അമിത താൽപര്യം ഇല്ലാതായിക്കൊള്ളും. ഒരിക്കൽ സമ്പന്നനായ ഒരു യുവാവ് തന്റെ ഭാവി പരിപാടികളെക്കുറിച്ച് വിശുദ്ധനായ ഫിലിപ്പ് നേരിയോടു വർണ്ണിക്കുകയായിരുന്നു. “ഞാൻ ഉന്നത പഠനം നടത്തിക്കൊണ്ടിരിക്കുന്നു”. ഫിലിപ്പ് ചോദിച്ചു: “അതിനുശേഷം എന്തു ചെയ്യാൻ പോകുന്നു?” “ഒരു വക്കീലായി ജോലി ചെയ്യും”. “അതിനുശേഷം?”. “ധാരാളം പണം സമ്പാദിക്കും”. “അതിനുശേഷം?”. ഫിലിപ്പ് ചോദ്യം ആവർത്തിച്ചുകൊണ്ടേയിരുന്നു. ഉത്തരത്തിന് തീക്ഷ്ണത കുറഞ്ഞു. എല്ലാം ഒരു നിമിഷം അവസാനിക്കുമെന്ന് ബുദ്ധിമാനായ ചെറുപ്പക്കാരനറിയാം. ഫിലിപ്പ് നേരി അയാളെ ചേർത്തുനിർത്തി ശാന്തമായി ചോദിച്ചു: “അതിനുശേഷം...?”.... തിരിച്ചറിവിന്റെ വെളിച്ചത്തിൽ അയാൾ മാനസാന്തരപ്പെട്ടു. ഫിലിപ്പ് നേരി പറഞ്ഞു: “ആത്മാവിനെ ബാധിക്കുന്ന പകർച്ചവ്യാധിയാണ് പണത്തിനു വേണ്ടിയുള്ള അത്യാർത്തി. സ്വർഗത്തിലേക്കു നോക്കി ലക്ഷ്യമുറപ്പിച്ച് ജീവിക്കുക”.

സ്വർഗോന്മുഖമായ ജീവിതം നയിക്കാൻ സഭാമക്കളെ സഹായിക്കുന്ന ഏലിയാ-സ്ലീവാ-മൂശകാലം കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും അന്ത്യവിധിയുമൊക്കെ ധ്യാനവിഷയമാക്കാൻ നമ്മെ സഹായിക്കുന്നു. ഈ കാലത്തിന്റെ കേന്ദ്രബിന്ദു സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളാണ്. ഈശോയുടെ രൂപാന്തരീകരണ വേളയിൽ ഏലിയായും മൂശയും അവിടുത്തോടൊപ്പമുണ്ടായിരുന്നു. മിശിഹായുടെ രണ്ടാം ആഗമനത്തിനു മുമ്പ് ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചു പോന്നു. മിശിഹായുടെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണ്. അവിടുത്തെ രൂപാന്തരീകരണ വേളയിൽ കാണപ്പെട്ട മൂശെയും കർത്താവിന്റെ ദ്വിതീയ ആഗമനവേളയിലും അവിടുത്തോടൊപ്പമുണ്ടായിക്കും എന്ന് സഭാമക്കൾ വിശ്വസിക്കുന്നു.

കുരിശുമരണത്തോളം അനുസരണയുള്ളവനായി സ്വയംശൂന്യനാക്കിയതു വഴി പിതാവായ ദൈവത്താൽ അത്യധികം ഉയർത്തപ്പെട്ട മിശിഹായോടൊപ്പം വിനയഭാവത്തോടെ സഹിക്കുവാനും അവിടുത്തെ മഹത്ത്വത്തിൽ പ്രവേശിക്കുവാനും ഈ കാലം നമ്മെ പ്രചോദിപ്പിക്കുന്നു.

മരണം, അന്ത്യവിധി എന്നിവയെല്ലാം ഈ കാലഘട്ടത്തിലെ വിചിന്തന വിഷയങ്ങളാണല്ലോ. മരണത്തെ ഭയപ്പെടാതെ നേരിട്ടവരാണ് വിശുദ്ധർ. വിശുദ്ധ അന്തോനീസ് തന്റെ മരണനിമിഷങ്ങൾ വലിയൊരു ആഘോഷമായി അനുഭവിച്ചു. അദ്ദേഹം പറഞ്ഞു: "ഞാനെന്റെ കർത്താവിനെ കാണുന്നു. കൂട്ടത്തിൽ പരിശുദ്ധ കന്യകാമാതാവും ഫ്രാൻസിസ്പിതാവുമുണ്ട്. പിന്നെ വലിയൊരു സ്വർഗീയസൈന്യവും എന്നെ എതിരേൽക്കാൻ വരുന്നു".

അന്ത്യവിധി ഒരു ഭീതിദിനമല്ല, മറിച്ച് ദൈവനീതിയും ദൈവസ്നേഹവും പ്രകടമാകുന്ന ദിനമാണത്. നീതിമാന്മാർക്ക് അത് ജീവന്റെ കിരീടം ലഭിക്കുന്ന ദിനമാണ്. എന്നാൽ അനീതിയിലും സ്നേഹരാഹിത്യത്തിലും വ്യാപരിക്കുന്നവർക്ക് അത് ശിക്ഷാവിധിയുടെയും വേർതിരിക്കപ്പെടലിന്റെയും ഭീതിയുടെയും ദിനമായിരിക്കും.

ഏലിയാ-സ്ലീവാ-മൂശകാലം നമ്മെ അനുസ്മരിപ്പിക്കുന്നത്:

❖ മനുഷ്യപുത്രന്റെ വരവിനെ പ്രതീക്ഷിച്ച് ജാഗ്രതയോടെ ജീവിക്കുക (മത്താ 24,44).
❖ സ്നേഹത്തിൽ ഉറച്ചുനിൽക്കുക.
❖ ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ 25,40) എന്ന തിരുവചനം മനസ്സിലുറപ്പിച്ച് അതിനനുസൃതം ജീവിക്കുക.
❖ പ്രത്യാശയോടെ മുന്നോട്ട് പോവുക (റോമ 5,5).

ഏലിയാ-സ്ലീവാ-മൂശകാലം ക്രൂശിലെ സ്നേഹം ഓർത്തുകൊണ്ടും സ്വർഗീയമഹിമ പ്രത്യാശിച്ചും മുന്നോട്ടുപോകുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ജീവിച്ചവർക്ക് ശാശ്വതമായ സന്തോഷത്തിന്റെയും ലക്ഷ്യസാക്ഷാൽക്കാരത്തിന്റെയും ദിനംകൂടിയാണ് തങ്ങളുടെ സ്വർഗപ്രവേശന ദിനം. ഈ ഏലിയാ-സ്ലീവാ-മൂശ കാലത്തിൽ ദൈവികപുണ്യങ്ങളിൽ ആഴപ്പെട്ട് വിശുദ്ധമായ ജീവിതം നയിക്കാൻ നമ്മുടെ കർത്താവിന്റെ കൃപ നമുക്ക് അപേക്ഷിക്കാം.

# പരിശുദ്ധ കന്യകാമറിയത്തോട്



ഓ! പരിശുദ്ധ മറിയമേ,
മക്കളായ ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു.
ദൈവത്തിന്റെ അമ്മേ,
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
വിദ്വേഷവും വ്യക്തിതാല്പര്യവുംമൂലം
അകന്നുപോയവരും
സ്വാർത്ഥതയും അത്യാഗ്രഹവും നിറഞ്ഞവരും
ഏകാന്തതയാൽ രോഗികളുമായ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
അമ്മേ, ഞങ്ങൾ എപ്പോഴും
നിന്റെ സമീപത്തേക്ക്
വരുന്നില്ലെങ്കിലും
ഞങ്ങളെ ഉപേക്ഷിക്കരുതേ.
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
പരിശുദ്ധ മറിയമേ,
വേദനയിലും മരണത്തിലും മാത്രമല്ല
നിന്റെ മാതൃഹൃദയത്തിന്റെ ചൂടിലും
പരസ്പരം സഹോദരങ്ങളായി
ഞങ്ങളെത്തന്നെ തിരിച്ചറിയുവാൻ
ഞങ്ങളെ സഹായിക്കണമേ.
ഞങ്ങളുടെ ജീവിതയാത്രയിൽ മാതൃകയും
ഞങ്ങളെ നയിക്കുന്നവളുമാണു നീ.
വരാനിരിക്കുന്ന ലോകത്തിലെ
ഞങ്ങളുടെ തീർച്ചയും നീയാണ്.
അമ്മേ, നിന്റെ പ്രകാശം
ഞങ്ങളുടെ യാത്രയെ പ്രകാശിപ്പിക്കട്ടെ.
ആമ്മേൻ.
(ദൈവദാസൻ വില്യം ജക്വീന്താ)



# ആഹാസ്

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യൂദാരാജാവായ യോഥാമിന്റെ പുത്രനാണ് ആഹാസ്. ഇരുപതാം വയസ്സിൽ അവൻ ഭരണം ആരംഭിച്ചു. തന്റെ പൂർവ്വികനായ ദാവീദിനെപ്പോലെ കർത്താവിന്റെ മുമ്പിൽ അവൻ നീതി പ്രവർത്തിച്ചില്ല. ബാലിനു വിഗ്രഹങ്ങൾ ഉണ്ടാക്കി. ബൻഹിന്നോം താഴ്‌വരയിൽ ധൂപാർപ്പണം നടത്തി. പൂജാഗിരികളിലും മലകളിലും ഓരോ പച്ചമരച്ചുവട്ടിലും ബലിയർപ്പിച്ചു തുടങ്ങി. സ്വരാജ്യസ്നേഹമോ ദൈവസ്നേഹമോ അവനുണ്ടായിരുന്നില്ല. ശത്രുസൈന്യം ജറുസലേമിനെ വളഞ്ഞപ്പോൾ ദൈവത്തിൽ ആശ്രയിക്കാത്തവനായിരുന്നു ആഹാസ്. പിതാക്കന്മാരുടെ വിശ്വാസത്തെ തകിടം മറിച്ച് മ്ലേച്ഛമായ ആചാരമനുസരിച്ച് സ്വപുത്രനെ അഗ്നിപ്രവേശനം ചെയ്യിപ്പിച്ചു. അങ്ങനെ വിഗ്രഹത്തിനുമുമ്പിൽ ശിശുക്കളെ ദഹിപ്പിക്കുന്ന ആചാരം അദ്ദേഹം നിലവിൽ കൊണ്ടുവന്നു (2 ദിന 28,2-3; 2 രാജാ 16,3).

ആഹാസ് രാജാവ് അസ്സീറിയാ രാജാവായ തിഗ്ലാത്പിലേസറിനെ സന്ദർശിച്ച് അവനുമായി സഖ്യം ചേർന്ന്, സിറിയാ രാജാവായ റസീനോടും, ഇസ്രായേൽ രാജാവായ പെക്കാഹിനോടും യുദ്ധം ചെയ്യാൻ സഹായം തേടി. അതിനു പ്രതിഫലമായി രാജധാനിയിലെ പൊന്നും വെള്ളിയും യഹോവയുടെ ആലയത്തിലെ പൊന്നും വെള്ളിയും കൊടുത്തയച്ചു. അസ്സീറിയാ രാജാവ് ദമാസ്ക്കസ് കീഴടക്കുകയും സിറിയാ രാജാവായ റസീനെ വധിക്കുകയും ചെയ്തു. ആഹാസ് തിഗ്ലാത്പിലേസറിനെ സന്ദർശിക്കാൻ ദമാസ്ക്കസിൽ ചെന്നപ്പോൾ അവിടുത്തെ ബലിപീഠം അവൻ കാണുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാതൃക

ഊറിയാ പുരോഹിതനു കൊടുത്തയച്ച് അതുപോലൊന്നുണ്ടാക്കി ദൈവത്തിന്റെ ആലയത്തിൽവച്ച് വിഗ്രഹങ്ങൾക്ക് ബലികഴിക്കാൻ ഊറിയാ പുരോഹിതനെ പ്രേരിപ്പിച്ചു. കർത്താവിന്റെ മുമ്പിലുണ്ടായിരുന്ന ഓട്ടുബലിപീഠം തനിക്കുപദേശമാരായാൻ വേണ്ടിയാണെന്ന് ആഹാസ് കല്പിച്ചത്രേ. കർത്താവിന്റെ ആലയത്തിന്റെ ഘടനകളിൽ ആഹാസിന് തോന്നുംവിധം മാറ്റം വരുത്തി. എല്ലാവിധ അന്ധവിശ്വാസങ്ങളും അയാൾ പ്രോത്സാഹിപ്പിച്ചു. ആദ്യം ദേവാലയത്തിലെ ബലിപീഠവും മറ്റു വസ്തുക്കളുമെല്ലാം നീക്കം ചെയ്തു. ദേവാലയ കവാടത്തിൽ രഥങ്ങളെയും വെള്ളക്കുതിരകളെയും നിർമ്മിച്ച് സൂര്യദേവനു സമർപ്പിച്ചു. അവസാനം ദേവാലയവാതിലുകൾ അടച്ചുപൂട്ടി. അവിടെ ജ്വലിച്ചുകൊണ്ടിരുന്ന ദീപം അണച്ചു. പ്രകാശം അണഞ്ഞു. ജനം അന്ധകാരത്തിലായി! അങ്ങനെ യൂദാ നാശഗർത്തത്തിലായി!

പിന്നീട് സിറിയാ രാജാവും ഇസ്രായേൽരാജാവും ചേർന്ന് ആഹാസിനെതിരെ യുദ്ധത്തിനു പുറപ്പെട്ടു. കർത്താവ് ആഹാസ് രാജാവിനെ ഇസ്രായേൽ രാജാവിനു വിട്ടുകൊടുത്തു. ഒരു ലക്ഷത്തിയിരുപതിനായിരം പേരെ ഒറ്റ ദിവസംകൊണ്ട് ഇസ്രായേൽ രാജാവായ റമാലിയായുടെ മകൻ പെക്കാഹ് വധിച്ചു. ആഹാസിന്റെ വീരന്മാരായ സേനാനായകന്മാരെ കൊല്ലുകയും രണ്ടുലക്ഷം പേരെ പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. ധാരാളം കൊള്ളമുതലിനൊപ്പം തടവുകാരാക്കിയ സ്ത്രീകളെയും കുഞ്ഞുങ്ങളടക്കമുള്ളവരെയും സമരിയായിലേക്ക് കൊണ്ടുപോകുമ്പോൾ കർത്താവിന്റെ കരുണയുടെ പ്രകാശനമെന്നവണ്ണം ഒദേദ് പ്രവാചകൻ ഇസ്രായേൽ സൈന്യത്തിന്റെ മുമ്പിൽ യൂദായ്ക്കുവേണ്ടി സംസാരിക്കുന്നു: "ജറുസലേമിലും യൂദായിലുമുള്ള സ്ത്രീപുരുഷന്മാരെ അടിമകളാക്കാൻ നിങ്ങൾ ഇപ്പോൾ ഒരുമ്പെടുന്നു. നിങ്ങളും നിങ്ങളുടെ ദൈവമായ കർത്താവിനെതിരെ പാപം ചെയ്തിട്ടില്ലേ? ഞാൻ പറയുന്നത് കേൾക്കുക. തടവുകാരായി നിങ്ങൾ കൊണ്ടുവന്ന ഈ സഹോദരരെ വിട്ടയയ്ക്കുക. കർത്താവിന്റെ ഉഗ്രകോപം ഇതാ നിങ്ങളുടെമേൽ പതിക്കാൻ പോകുന്നു" (2 ദിന 28,10-11). തന്മൂലം എഫ്രായിം നേതാക്കന്മാർ യുദ്ധത്തിൽനിന്ന് മടങ്ങിയവരോട് പറഞ്ഞു. തടവുകാരെ നിങ്ങൾ ഇങ്ങോട്ടു കൊണ്ടുവരരുത്. കൊണ്ടുവന്നാൽ, കർത്താവിന്റെ മുമ്പിൽ നാം കുറ്റക്കാരാകും. നമ്മുടെ പാപങ്ങളും അകൃത്യങ്ങളും പെരുപ്പിക്കാനാണ് നിങ്ങൾ തുനിയുന്നത്. ഇപ്പോൾത്തന്നെ അത് ഘോരമാണ്. ഇസ്രായേലിനെതിരെ കർത്താവിന്റെ ക്രോധം ജ്വലിക്കുന്നു. അപ്പോൾ പടയാളികൾ തടവുകാരെയും കൊള്ളവസ്തുക്കളെയും പ്രഭുക്കന്മാരുടെയും സമൂഹത്തിന്റെയും പക്കൽ ഏൽപ്പിച്ചു (2 ദിന 28,13-14). അവരാകട്ടെ, നഗ്നരെ ഉടുപ്പിച്ചു, ചെരിപ്പു ധരിപ്പിച്ചു, അവർക്ക് ഭക്ഷണപാനീയങ്ങൾ നൽകി. തൈലം പൂശി, തളർന്നവരെ കഴുതപ്പുറത്തു കയറ്റി. അങ്ങനെ ഈന്തപ്പനകളുടെ നഗരമായ ജറീക്കോയിൽ അവരുടെ സഹോദരന്മാരുടെ അടുത്തെത്തിച്ചു. അനന്തരം അവർ സമരിയായിലേക്കു മടങ്ങി. ഒരു പ്രവാചകന്റെ വാക്കിന് വില നല്കിയ ജനത്തിന്റെ പ്രവൃത്തികൾ എത്ര മനോഹരമാണ്! വിലയിരുത്തലും ശരിയായ വീക്ഷണചാതുര്യവും നിറഞ്ഞ പ്രവർത്തനങ്ങളാണ് അവർ കാഴ്ചവച്ചത്.

പിന്നീട് ഏദോമ്യർ യൂദായെ ആക്രമിച്ചപ്പോൾ ആഹാസ് വീണ്ടും അസ്സീറിയാ രാജാവിന്റെ സഹായം തേടി. ഇതിനിടെ ഫിലിസ്ത്യരും യൂദായോട് യുദ്ധത്തിനു പുറപ്പെട്ടു. പല നഗരങ്ങളും ഗ്രാമങ്ങളും അവർ പിടിച്ചടക്കി, അതിൽ വാസമുറപ്പിച്ചു. എന്നാൽ ആഹാസ് രാജാവ് ദുർവൃത്തനും കർത്താവിനോടു വിശ്വസ്തത പുലർത്താത്തവനുമായിരുന്നതിനാൽ യൂദായുടെ അധഃപതനത്തിന് അതു കാരണമായി. അസ്സീറിയാരാജാവാകട്ടെ ആഹാസിനെ സഹായിക്കുന്നതിനുപകരം പീഡിപ്പിച്ചു തുടങ്ങി. ദേവാലയത്തിലും രാജകൊട്ടാരത്തിലും പ്രഭുക്കന്മാരുടെ ഭവനത്തിലുംനിന്നു ധനം ശേഖരിച്ച് അസ്സീറിയാ രാജാവിന് ആഹാസ് നല്കിയെങ്കിലും അതു

കൊണ്ടൊന്നും പ്രയോജനം ഉണ്ടായില്ല. ദുരിതം ഏറിയപ്പോൾ ആഹാസ് കർത്താവിനോടു കൂടുതൽ അവിശ്വസ്തത കാണിച്ചുകൊണ്ടിരുന്നു. സിറിയാ രാജാക്കന്മാർ വിജയിച്ചിരുന്നതിനാൽ അവരുടെ ദേവന്മാരെ പ്രസാദിപ്പിക്കാൻ തന്റെ പിതാക്കന്മാരുടെ വിലപ്പെട്ട ആരാധനയും ആലയവും നശിപ്പിച്ച്, പൂജാപീഠങ്ങൾ തീർത്ത് അന്യദേവന്മാർക്ക് ധൂപം അർപ്പിക്കുന്നതിന് പൂജാഗിരികൾ നിർമ്മിച്ചുകൊണ്ടിരുന്നു. പതിനാറുവർഷത്തെ യൂദാഭരണത്തിനുശേഷം മുപ്പത്താറാം വയസ്സിൽ ആഹാസ് പിതാക്കന്മാരോടു ചേർന്നു. ജറുസലേം നഗരത്തിൽ അവനെ സംസ്കരിച്ചു. എന്നാൽ ഇസ്രായേൽ രാജാക്കന്മാരുടെ കല്ലറയിൽ അവനെ അടക്കം ചെയ്തില്ല.

ദൈവം തനിക്ക് നിയോഗമായി തന്ന വഴികളിലൂടെ സഞ്ചരിക്കാതെ തനിക്ക് തോന്നുംപടി നടന്ന ആഹാസ്.... അതിന്റെ ഫലമായി ഏകസത്യദൈവത്തിൽനിന്ന് അകന്ന് അന്യദേവർക്കൊപ്പം ചേക്കേറിയവൻ.... മുന്നറിയിപ്പുകളെ അവഗണിച്ചതിന്റെ ഫലമായി നാശത്തിന്റെ വക്കിലെത്തിയ രാജാവ്.... ദൈവപ്രീതിയ്ക്ക് ഉചിതമായതു ചെയ്യാത്ത യൂദാരാജാവ്.... ഇങ്ങനെ ദൈവിക സ്മരണ നിശ്ശേഷം നഷ്ടമാക്കിയ മനുഷ്യന്റെ നേർചിത്രമാണ് ആഹാസ് രാജാവിന്റെ ജീവിതം.

***ആഹാസിന്റെ ജീവിതത്തിൽ നിന്നു പഠിക്കാൻ***

***ദൈവകരുണയിൽ ആശ്രയിച്ച്, വിശ്വസ്തതയുടെ ജീവിതം നയിക്കുക.**
***നന്മയോടു കൂട്ടുചേരുക**
***ദൈവാലയവും ദൈവാരാധനയും വിലപ്പെട്ടതായി കാണുക.**
***അന്യദൈവത്തെ ആശ്രയിക്കരുത്.**
***പാപബോധം സ്വയം വിലയിരുത്താനും നന്മയിൽ വളരാനും സഹായിക്കും.**

## ദൈവദാസൻ വില്യം ജകീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# സ്നേഹം
## അതുല്യം അമൂല്യം പരമോന്നതം

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

***"വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം"*** **(1 കോറി 13,7b–13).**

ഒരാളുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്ക് അത്യന്തം നിർണ്ണായകമായ കാലഘട്ടമാണ് യൗവനം. സ്വപ്നങ്ങളും ആവേശങ്ങളും നിറഞ്ഞ യുവതയുടെ ജീവിതത്തിന് ഒരു ശരിയായ ദിശയും മൂല്യങ്ങളും ആവശ്യമാണ്. ക്രിസ്തീയവിശ്വാസം നമ്മെ പഠിപ്പിക്കുന്നത് "ജീവിതത്തിന്റെ അടിത്തറ സ്നേഹമാണ്" എന്നതാണ്. ക്രിസ്തീയസ്നേഹം പ്രായഭേദമില്ലാതെ എല്ലാവർക്കും ആവശ്യമാണ്, പ്രത്യേകമായി യുവജനങ്ങളുടെ ജീവിതത്തിൽ അതിന്റെ പ്രാധാന്യം ഏറെയാണ്. കാരണം മാറ്റത്തിനും നവീകരണത്തിനും ഏറ്റവും തുറന്നിരിക്കുന്ന സമയമാണ് യുവത്വത്തിന്റെ സമയം. സ്നേഹത്തിന്റെ വഴിയിൽ നടന്നുതുടങ്ങുമ്പോൾ, കുടുംബങ്ങളിലും സഭകളിലും സമൂഹത്തിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ യുവജനങ്ങൾക്കാകും. യൗവനം മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും ഊർജ്ജസ്വലവും സാധ്യതകളാൽ നിറഞ്ഞതുമായ സമയമാണ്. എന്നാൽ അതേസമയം അത് പ്രലോഭനങ്ങളും ആശയക്കുഴപ്പങ്ങളും നിറഞ്ഞ കാലഘട്ടവുമാണ്.



ബൈബിൾ മുഴുവനും സ്നേഹത്തിന്റെ ഒരു ഗീതകമാണ്. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് യോഹന്നാൻശ്ലീഹാ പറയുന്നതിപ്രകാരമാണ്: “എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3,16). ദൈവം ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം സ്നേഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: “ക്രൈസ്തവ ജീവിതത്തിന്റെ ഹൃദയം സ്നേഹമാണ്. ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിനാൽ മാത്രമാണ് നമുക്ക് സ്നേഹിക്കാൻ കഴിയുന്നത്” (ദൈവം സ്നേഹമാകുന്നു). സ്നേഹമില്ലാത്ത ജീവിതം ശൂന്യമാണ്. പൗലോസ്ശ്ലീഹാ പറയുന്നു: “ഞാൻ മനുഷ്യരുടെയും ദൈവദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്” (1 കോറി 13,1). സ്നേഹം ദൈവത്തിന്റെ സ്വഭാവമാണ്. “സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്” (1 യോഹ 4,8).

**സ്നേഹം: ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം**

ഈശോ നമുക്കു നല്കിയ പുതിയ കല്പന സ്നേഹത്തിന്റെ കല്പനയാണ്: “നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും” (യോഹ 13,35). “ദൈവത്തെ സ്നേഹിക്കുക, നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക” എന്നതാണ് അവിടുന്നു പഠിപ്പിച്ച ഏറ്റവും വലിയ കല്പന. ക്രിസ്തീയസ്നേഹം യുവതയെ ഉന്നതമായ ജീവിതത്തിലേക്കു നയിക്കുന്ന ദിവ്യശക്തിയാണ്. സ്നേഹം വെറും വികാരം മാത്രമല്ല; അത് ഒരു തീരുമാനമാണ്. സഹജീവികളെ കരുതലോടെ സമീപിക്കുക, ക്ഷമ കാണിക്കുക, പരസ്പരം സഹകരിക്കുക, ദുർബലരെ ഉയർത്തിപിടിക്കുക ഇവയാണ് യഥാർത്ഥ ക്രിസ്തീയസ്നേഹത്തിന്റെ ഏതാനും ലക്ഷണങ്ങൾ. യുവജനം അവരുടെ സൗഹൃദങ്ങളിലും പഠനസ്ഥലത്തും സാമൂഹിക ഇടപെടലുകളിലും ഈ സ്നേഹഗുണം പ്രാവർത്തികമാക്കുമ്പോൾ സമൂഹം പ്രകാശിതമാകും.

“വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും” (ജ്ഞാനം 6,10). സ്നേഹം വിശുദ്ധമല്ലെങ്കിൽ അതു നാശം വിതയ്ക്കും. ഇന്ന് സമൂഹമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ അശുദ്ധസ്നേഹം വിതച്ച വിനാശഫലങ്ങളെക്കുറിച്ചാണ്. ‘ഇരിക്കൂറിൽ കവർച്ച നടന്ന വീട്ടിലെ യുവതി കർണാടകയിൽ കൊല്ലപ്പെട്ട നിലയിൽ’ എന്ന വാർത്ത വന്നിട്ടധികമായില്ല. സ്വന്തം ഭർത്താവിനോടും മക്കളോടും അവിശ്വസ്തത പുലർത്തിയ ദർശിത എന്ന യുവതി, സ്നേഹത്തിന്റെ തെറ്റായ പാതയിലൂടെ നീങ്ങിയപ്പോൾ സ്വയംനാശത്തിന്റെ പടുകുഴിയിലേക്ക് എറിയപ്പെടുകയാണെന്ന് അറിഞ്ഞില്ല. കഴിഞ്ഞമാസം ന്യൂയോർക്കിൽ ഡിപ്രഷനുള്ള ഒരു 16 വയസ്സുകാരൻ ആത്മഹത്യചെയ്തത് ചാറ്റ് ജിപിടിയോട് ഉപദേശം തേടിയാണ്!!! ഇതുപോലെ ദിനംപ്രതി നിരവധി വാർത്തകൾ.... എന്തേ ഇങ്ങനെ...?

നമ്മുടെ മുമ്പിലെ ലോകം നന്മയും തിന്മയും നിറഞ്ഞതാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ ദൈവം ഒരിക്കലും ഇടപെടില്ല. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാൻ അവനു പൂർണ്ണസ്വാതന്ത്ര്യമുണ്ട്. വിവേകത്തോടെ നന്മതിന്മകളെ വിവേചിച്ചറിയണമെങ്കിൽ ഹൃദയം നിർമലമായിരിക്കണം, ദൈവകൃപയാൽ പൂരിതവുമായിരിക്കണം. “വിശുദ്ധവും സുശിക്ഷിതവുമായ ആത്മാവ്

വഞ്ചനയിൽനിന്ന് ഓടിയകലുന്നു; മൂഢാലോചനകളോടു വേഗം വിടപറയുന്നു, അനീതിയുടെ സാമീപ്യത്തിൽ ലജ്ജിക്കുന്നു" (ജ്ഞാനം 1,5).

ഈശോയുടെ ജീവിതംതന്നെ യുവജനത്തിനുള്ള മഹത്തായ മാതൃകയാണ്. അവൻ കരുണയും സഹാനുഭൂതിയും കാണിച്ചവനാണ്. രോഗികളെ സൗഖ്യപ്പെടുത്തുകയും പാപികളോടു ക്ഷമിക്കുകയും അവഗണിക്കപ്പെട്ടവരുടെ ഒപ്പംനില്ക്കുകയും ചെയ്തുകൊണ്ട് ഈശോ തന്റെ സ്നേഹം പ്രകടമാക്കി. ഇന്ന് യുവത ഈശോയുടെ മാതൃക പിന്തുടർന്ന് ജീവിക്കുമ്പോൾ, അവരുടെ ജീവിതം മറ്റുള്ളവർക്കു പ്രത്യാശയും പ്രകാശവുമാകും. "എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്'' (മത്താ 25,40) എന്നാണ് ഈശോ പറഞ്ഞത്. സ്വപ്നങ്ങളും പ്രതീക്ഷകളും നിറഞ്ഞ യുവജനഹൃദയങ്ങളിൽ ഈ വചനം കത്തിജ്വലിക്കണം. യുവജനം നീതിയുടെപാതയിൽ ചരിക്കുന്നവരും ദൈവസ്നേഹത്തിന്റെ വക്താക്കളുമാകണം. സഭാപിതാവായ തോമസ് അക്വീനാസ് പറയുന്നു: "നീതിയുടെ പ്രവർത്തനവും സ്നേഹത്തിന്റെ ഫലവുമാണ് സമാധാനം".

ക്രിസ്തീയസ്നേഹം യുവജനജീവിതത്തിന് അടിത്തറ പാകണം. സ്വന്തം ഇച്ഛകളെ അതിജീവിച്ച്, ദൈവം സ്നേഹിക്കുന്നപോലെ സ്നേഹിക്കാനുള്ള ഒരാളുടെ പരിശ്രമം സ്വജീവിതത്തെ മാറ്റിമറിക്കുന്ന അനുഭവമായിത്തീരും. വി.ആഗസ്തീനോട് ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "സ്നേഹിക്കുക; പിന്നെ നിങ്ങൾ ചെയ്യുന്നത് എന്തായാലും ശരിയായിരിക്കും. കാരണം യഥാർത്ഥ സ്നേഹത്തിൽ തിന്മയ്ക്ക് ഇടമില്ല". യുവത തങ്ങളുടെ വിദ്യാഭ്യാസത്തിലും തൊഴിൽജീവിതത്തിലും ബന്ധങ്ങളിലും സോഷ്യൽ മീഡിയയിലും സ്നേഹപരമായ സമീപനം സ്വീകരിക്കുമ്പോൾ അവരുടെ ജീവിതം ദൈവകേന്ദ്രിതമായിരിക്കും. യുവജനങ്ങളുടെ സ്നേഹം സമൂഹത്തിൽ വെളിച്ചമായി മാറണം. ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: സ്നേഹം വാക്കു മാത്രമല്ല, ലോകത്തെ മാറ്റുന്ന ഒരു വിപ്ലവമാണിത്. ''നിങ്ങളുടെ സകലകാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ" (1 കോറി 16:14) എന്ന് പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നുണ്ട്. ഈ മാതൃക സ്വീകരിച്ച് സ്നേഹത്തിന്റെ ഛായകൊണ്ട് തന്റെ പ്രവർത്തനങ്ങൾ നിറയ്ക്കുമ്പോൾ അവ ഒരുവന്റെ കുടുംബത്തിലും അതുവഴി സമൂഹത്തിലും മാറ്റം കൊണ്ടുവരുന്നു. ഈശോയോടുള്ള സ്നേഹം നാം പ്രകടമാക്കേണ്ടത് പ്രവൃത്തികളിലൂടെയാണ്. വി. മദർ തെരേസ ഇതിനു മകുടോദാഹരണമാണ്. അമ്മ പറയുന്നുണ്ട്, "സ്നേഹത്തിന് സ്വയം നിലനില്ക്കാൻ കഴിയില്ല - അതിന് അർത്ഥമില്ല. സ്നേഹം പ്രവൃത്തിയിൽ കൊണ്ടുവരണം; ആ പ്രവൃത്തിയാണു സേവനം". മറ്റൊരിക്കൽ മദർ പറഞ്ഞു: "നമ്മൾ ചെയ്യുന്ന പ്രവൃത്തികൾ വലിയവ ആവേണ്ടതില്ല, എന്നാൽ അവ വലിയ സ്നേഹത്തോടെ ചെയ്യപ്പെടണം". അതേ, സമൂഹത്തിൽ സ്നേഹത്തോടെ നിർവഹിക്കപ്പെടുന്ന സേവനത്തിലൂടെ യുവജനതയുടെ സ്നേഹം തെളിയിക്കപ്പെടണം. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ പ്രസക്തമാണ്: "സ്നേഹം ചെറുതായെങ്കിലും പ്രകടമാകുന്നത് പ്രതിദിന പ്രവൃത്തികളിലാണ്; അത് കുടുംബത്തെ, സമൂഹത്തെ, സഭയെ ശക്തിപ്പെടുത്തുന്നു" (സ്നേഹത്തിന്റെ ആനന്ദം).

യഥാർത്ഥ സ്നേഹത്തിന്റെ ഉറവിടം ദൈവം മാത്രമാണെന്ന സത്യം നാമറിയണം. ഈ സ്നേഹത്തിന്റെ സ്വഭാവസവിശേഷതകളെക്കുറിച്ച് പൗലോസ്ശ്ലീഹാ പറയുന്നതിപ്രകാരമാണ്: "സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ

സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി 13,4-8). ഈ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണോ നമ്മുടെ സ്നേഹം? നമുക്കു നമ്മെത്തന്നെ വിലയിരുത്താം. കുറവുകൾ പരിഹരിച്ച് മുന്നോട്ടുനീങ്ങാം.

ജീവിതംമുഴുവനും സ്നേഹത്തിന്റെ സാക്ഷ്യമാക്കിമാറ്റിയ ഈശോ തനിക്കായി ഒന്നും ചെയ്തില്ല. പിതാവ് തന്നെ ഏല്പിച്ചവ പൂർത്തിയാക്കിക്കൊണ്ട് മനുഷ്യകുലത്തിനായി പ്രവർത്തിച്ചു; പിതാവിനു സാക്ഷ്യം നല്കി. ഇപ്രകാരം ദൈവം നമ്മെ ഏല്പിച്ചവ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരാണ് നാമെല്ലാം. "സ്നേഹിച്ചുകൊണ്ടുമാത്രമേ ഈ ലോകത്തെ പടുത്തുയർത്താനാവൂ" എന്ന് ദൈവദാസനായ വില്യം ജക്വീന്താപിതാവു പറയുന്നുണ്ട്. ക്രിസ്തീയയുവതയുടെ ജീവിതം സ്നേഹത്താൽ പൂത്തുനിൽക്കണം. നിങ്ങളിലൂടെ ലോകം ദൈവസ്നേഹത്തിന്റെ ജീവിച്ചിരിക്കുന്ന സാക്ഷ്യം കാണട്ടെ. ദൈവസ്നേഹത്തിനുമുമ്പിൽ തന്നെത്തന്നെ അടിയറവച്ച പരി. കന്യാമറിയം ആ സ്നേഹത്തിലേക്ക് നമുക്കു മാർഗദീപമാകുകയും സേവനപാതയിൽ നമ്മെ പ്രോജ്വലരാക്കുകയും ചെയ്യട്ടെ.

ഈശോയുടെ സ്നേഹം ജീവിതത്തിലൂടെ പങ്കുവെക്കുന്ന യുവജനങ്ങളാണ് സഭയുടെ ഭാവിയും ലോകത്തിന്റെ പ്രത്യാശയും. അതുകൊണ്ട് യുവജനമേ, മിശിഹായുടെ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിൽ നിറയട്ടെ.

**യുവജനങ്ങൾക്ക് സ്നേഹത്തിന്റെ പ്രായോഗികവഴികൾ:**

**⇨ കുടുംബത്തിൽ: മാതാപിതാക്കളോടും സഹോദരങ്ങളോടും നന്ദിയും സ്നേഹവും ഉള്ളവരാകുക.**

**⇨ സുഹൃദ്ബന്ധങ്ങളിൽ: മറ്റുള്ളവരുടെ വിജയത്തിൽ സന്തോഷിക്കുകയും പരാജയത്തിൽ കരുതലോടെ പിന്തുണ നൽകുകയും ചെയ്യുക.**

**⇨ വിദ്യാഭ്യാസത്തിലും ജോലിയിലും: സത്യസന്ധതയും നീതിയും പാലിക്കുക.**

**⇨ സോഷ്യൽ മീഡിയയിൽ: അപകീർത്തിയ്ക്കു പകരം സ്നേഹവാക്കുകളും കരുത്തുനൽകുന്ന സന്ദേശങ്ങളും നല്കുക.**

**⇨ സഭയിലും സമൂഹത്തിലും: സേവനപ്രവർത്തനങ്ങളിലൂടെ ഈശോയുടെ സ്നേഹം പ്രചരിപ്പിക്കുക.**

**⇨ പ്രതിസന്ധികളിലും ആശങ്കകളിലും: വചനത്തെ ആശ്ലേഷിക്കുന്നവരാകുക, പരിശുദ്ധ കുർബാനയിൽ പങ്കുചേരുക.**

**⇨ ലോകത്തിൽ: ദൈവികപുണ്യങ്ങളും ധാർമ്മികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുക.**



# ആകാശക്കാഴ്ചകൾ

ഷിനി തെരേസ് മുതുപ്ലാക്കൽ

**ആ**കാശക്കഥകൾ അത്ഭുതത്തോടെ കേട്ടുകൊണ്ടിരുന്ന സ്കൂൾവിദ്യാർത്ഥികളോട് ഗഗൻയാൻ ദൗത്യസംഘാംഗവും വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റനുമായ പ്രശാന്ത് ബാലകൃഷ്ണൻ നായർ പറഞ്ഞു: "ഓരോ മനുഷ്യനും ഒരു പൂർണജീവനാണ്. ആദ്യകാലത്ത് അതു തിരിച്ചറിയാൻ എനിക്കു കഴിഞ്ഞിരുന്നില്ല. ബഹിരാകാശദൗത്യത്തിന്റെ ഭാഗമായ ഒട്ടേറെ കഠിനപരിശീലനങ്ങൾക്കു ശേഷമാണ് ഞാൻ അതു മനസ്സിലാക്കിയത്. അതു തിരിച്ചറിയുന്നിടത്ത് ഓരോരുത്തരുടെയും ജീവിതം മാറാൻ തുടങ്ങും". ദൗത്യത്തിന്റെ ഭാഗമായ കഠിനപരിശീലനങ്ങൾ ചിന്തകളെ സ്വാധീനിച്ചു എന്നദ്ദേഹം പറയുമ്പോൾ ലഭിച്ച അറിവുകൾ അദ്ദേഹത്തിനു തിരിച്ചറിവുകളായി മാറി എന്നതാണ് മനസ്സിലാക്കേണ്ടത്.

ബഹിരാകാശയാത്രികർ ഈ പ്രപഞ്ചത്തെക്കുറിച്ചുള്ള വ്യത്യസ്തമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് നാം കേട്ടിട്ടുണ്ട്. ഭൂമിയിലായിരിക്കുമ്പോൾ അംബരചുംബികളായ വലിയ കെട്ടിടങ്ങൾ കണ്ട് നാമതിശയിക്കാറുണ്ട്. എന്നാൽ ഇതേ കെട്ടിടങ്ങളുടെ ആകാശക്കാഴ്ച എങ്ങനെയുണ്ടാകും...? ആകാശംമുട്ടുന്ന നിർമ്മിതികൾ എന്ന് അഭിമാനത്തോടും അതിശയത്തോടും കൂടെ വർണിച്ചിരുന്നവയൊക്കെ അപ്പോൾ 'തീപ്പെട്ടിക്കൂടാര'ങ്ങളായി മാറും! ഭൂമിയിലായിരി

ക്കുമ്പോൾ ഭൗതികവും ഭൗമികവുമായ കാര്യങ്ങൾ നേടാനാണ് നമ്മിൽ പലരും ആഗ്രഹിക്കുന്നത്. എന്നാൽ ആകാശക്കാഴ്ചയിൽ അംബരചുംബികൾ കൂടാരങ്ങളായി മാറുന്നതുപോലെ, സ്വർഗത്തിൽനിന്നുള്ള വീക്ഷണത്തിൽ, അല്ലെങ്കിൽ ഉന്നതമായ വീക്ഷണത്തിൽ ഈലോക നേട്ടങ്ങളൊക്കെ തുലോം ചെറുതാകുന്നതു തിരിച്ചറിയാനാകും.

ആർജിച്ചെടുക്കുന്ന അറിവുകൾ തിരിച്ചറിവുകളാകുമ്പോൾ അതു മനോഭാവങ്ങളെയും ജീവിതത്തെയും രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും. ആത്മീയജീവിതത്തിലും ഇതു ബാധകമാണ്. ഈലോകത്തിലായിരിക്കുമ്പോൾത്തന്നെ സ്വർഗീയജീവിതം മുന്നിൽ കാണേണ്ടവരാണ് നാം. സ്വർഗത്തെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചുമൊക്കെ ഈശോതന്നെ നമ്മെ പഠിപ്പിച്ചിട്ടുമുണ്ട്: ''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും'' (യോഹ 14,2-3). എന്നാൽ അറിവുകളുടെ തലത്തിൽനിന്നും വിശ്വാസത്തിന്റെ തലത്തിലേക്ക് ഉയർന്നാലേ നമ്മിലത് മാറ്റങ്ങൾ വരുത്തൂ.

സ്വർഗത്തിലെത്താൻ എന്തെങ്കിലും എളുപ്പവഴികളുണ്ടോ...? "ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം" (മത്താ 7,14) എന്നാണ് ഈശോ അരുൾച്ചെയ്തത്. ത്യാഗത്തിൽ അടിസ്ഥാനമിട്ട ഒരു വീരോചിത ജീവിതമാണ് സ്വർഗയാത്രയ്ക്കു വേണ്ടതെന്ന് അവിടുന്ന് ഓർമ്മിപ്പിക്കുന്നു: "അവൻ എല്ലാവരോടുമായി പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ 9,23).

അഫ്ഗാനിസ്ഥാനിൽനിന്നും വിമാനത്തിന്റെ ചക്രങ്ങൾക്കിടയിലൊളിച്ച്, സാഹസികയാത്ര നടത്തി ഇന്ത്യയിലെത്തിയ പതിമൂന്നുകാരനും വർഷങ്ങൾക്കുമുമ്പ് ഇതുപോലെ യാത്ര ചെയ്ത് മരണത്തിനു കീഴടങ്ങിയ യുവാവുമൊക്കെ ഈ ദിവസങ്ങളിൽ വാർത്തയായി. ലക്ഷ്യസ്ഥാനത്തെത്താൻ അവർ കണ്ടെത്തിയ കുറുക്കുവഴിയായിരുന്നു അത്. എന്നാൽ രണ്ടുപേരും ലക്ഷ്യം കണ്ടില്ല. ഒരാളുടെ ജീവൻ നഷ്ടപ്പെട്ടു; മറ്റേയാൾ വിമാനം മാറിക്കയറി! വഴിതെറ്റിയാൽ ലക്ഷ്യവും തെറ്റുമെന്നത് ഉറപ്പ്!!!

എന്നാൽ സ്വർഗത്തിലെത്താൻ ഒരു കുറുക്കുവഴിയുണ്ട്. വി. കൊച്ചുത്രേസ്യാ കണ്ടെത്തിയ 'സ്നേഹത്തിന്റെ വഴി'യാണത്. അന്ത്യവിധിയുടെ മാനദണ്ഡമായി കർത്താവൊരുക്കിയിരിക്കുന്ന ചോദ്യാവലിയും സ്നേഹത്തിൽ അധിഷ്ഠിതമാണല്ലോ (മത്താ 25,31-40). സ്നേഹത്തിന്റെ അത്യുദാത്ത വേദിയായ കുരിശിലെ ബലിയ്ക്കണയുന്നതിനു മുമ്പ് ഈശോ നല്കിയ കല്പനയും മറ്റൊന്നല്ല: "ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35).

ദൈവസ്നേഹത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും പാതയിലൂടെ നമുക്കു മുന്നേറാം. സ്നേഹത്തിന്റെ മാതൃക നല്കിയ ദിവ്യഗുരുവിന്റെ കാലടികൾ പിഞ്ചെന്ന് നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗഗേഹം പുൽകാം. ഉന്നതമായ ദൈവികചിന്തകളുടെ ആകാശക്കാഴ്ചകൾ അതിനു നമ്മെ സഹായിക്കട്ടെ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**സോബിൻ ഇടമനക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**: സ്വയം പരിത്യജിച്ച് ദൈവഹിതം നിറവേറ്റിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

സ്വർഗത്തിലേക്കുള്ള ഗോവണിയാണ് സ്ലീവാ എന്ന അവബോധം ഉൾക്കൊണ്ടുകൊണ്ട് സ്വയം പരിത്യജിച്ച് മിശിഹായെ അനുഗമിക്കുവാനുള്ള അനുഗ്രഹത്തിനായി പരിശുദ്ധ അമ്മേ, മാതാവേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധാരൂപിയുടെ നിറവിൽ ജീവിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

വിശ്വാസത്തിന്റെ അനുസരണം ജീവിച്ചുകൊണ്ട് ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ സഹകാരികളാകുവാൻ ആത്മാവിന്റെ നിറവ് ലഭിക്കുവാനുള്ള അനുഗ്രഹത്തിനായി പരിശുദ്ധ അമ്മേ, മാതാവേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം.

ജീവിതത്തിൽ ദൈവം അനുവദിക്കുന്ന കുരിശുകളെ എളിമയോടെ സ്വീകരിച്ചുകൊണ്ട് ഉത്ഥിതനായ മിശിഹായോടുചേർന്ന് സ്വർഗീയമഹത്ത്വം പ്രാപിക്കുവാനുള്ള അനുഗ്രഹത്തിനായി പരിശുദ്ധ അമ്മേ, മാതാവേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: സ്വർഗീയമഹത്ത്വത്തെക്കുറിച്ചുള്ള ബോധ്യത്തിൽ ആഴപ്പെട്ടു ജീവിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈ ലോകത്തിന്റെ ആകർഷണീയതകൾക്കുമപ്പുറം വരാനിരിക്കുന്ന ഒരു സ്വർഗീയ യാഥാർത്ഥ്യമുണ്ട് എന്ന ബോധത്തിൽ ആഴപ്പെട്ടുകൊണ്ട് ലൗകികവ്യഗ്രത ഉപേക്ഷിച്ച് അനുതാപത്തിന്റെ അഗ്നിയാൽ നിറയപ്പെടുവാൻ പരിശുദ്ധ അമ്മേ മാതാവേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവോടെ നിരന്തരം ജീവിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

അനുദിന ജീവിതസാഹചര്യങ്ങളിൽ ദൈവഹിതം നിറവേറ്റിക്കൊണ്ട് ജാഗരൂകതയോടെ വർത്തിക്കുവാനും വിശ്വസ്തതയോടെ വ്യാപരിക്കുവാനും വേണ്ട അനുഗ്രഹത്തിനായി പരിശുദ്ധ അമ്മേ, മാതാവേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

"ദരിദ്രരോടു ദയ
കാണിക്കുന്നവൻ ഭാഗ്യവാൻ.
കഷ്ടതയുടെ നാളുകളിൽ
അവനെ കർത്താവു രക്ഷിക്കും.
കർത്താവ് അവനെ പരിപാലിക്കുകയും
അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും.
അവൻ ഭൂമിയിൽ അനുഗൃഹീതനായിരിക്കും;
അവിടുന്ന് അവനെ ശത്രുക്കൾക്കു
വിട്ടുകൊടുക്കുകയില്ല.
കർത്താവ് അവനു രോഗശയ്യയിൽ
ആശ്വാസം പകരും;
അവിടുന്ന് അവനു രോഗശാന്തി നൽകും".
(സങ്കീർത്തനങ്ങൾ 41,1-3)



**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th September 2025**

"കർത്താവീശോ മിശിഹായെ
പാവനമാം നിൻ സ്ലീവായിൽ
ഞങ്ങൾ ലജ്ജിതരല്ലൊട്ടും
മഹനീയം നിൻ ശക്തി സദാ
ഒളിവായ്മേവും സ്ലീവായിൽ
അഭിമാനിക്കുന്നനവരതം".

മാർ സ്ലീവായുടെ പുകഴ്ച - റംശാ

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal